സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ മാഗസിൻ

2023 ജൂലൈ 19 ബുധൻ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# ഉമ്മൻ ചാണ്ടിക്ക് വിടചൊല്ലി തലസ്ഥാനം

## പുതുപ്പള്ളി പള്ളിയിൽ ഉമ്മൻ ചാണ്ടിക്കായി പ്രത്യേക കബറിടം

## പുതുപ്പള്ളിയിലേക്കെത്തുന്ന വാഹനങ്ങൾക്ക് ക്രമീകരണം

തിരുവനന്തപുരം: ജനസാഗരത്തിനിടയിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള വിലാപയാത്ര തിരുവനന്തപുരത്തെ പുതുപ്പള്ളി ഹൗസിൽ നിന്ന് കോട്ടയത്തേക്ക്. തിരുവനന്തപുരം ജഗതിയിലെ അദ്ദേഹത്തിന്റെ വസതിയായ പുതുപ്പള്ളി ഹൗസിലെ പ്രഭാത പ്രാർഥനകൾക്കുശേഷമാണ് വിലാപയാത്ര ആരംഭിച്ചത്. പ്രത്യേകം തയാറാക്കിയ കെഎസ്ആർടിസി ബസിലാണ് ഉമ്മൻ ചാണ്ടിയുടെ അവസാന യാത്ര.

കേശവദാസപുരം, വെഞ്ഞാറമൂട്, കിളിമാനൂർ, കൊട്ടാരക്കര, അടൂർ, പന്തളം, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശേരി വഴിയാണ് വിലാപയാത്ര കോട്ടയത്തെത്തുന്നത്. വൈകിട്ട് തിരുനക്കര മൈതാനത്ത് പൊതുദർശനം. രാത്രിയോടെ പുതുപ്പള്ളിയിലെ കുടുംബവീട്ടിലേക്ക് മൃതദേഹം കൊണ്ടുപോകും. നാളെ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിലെ പ്രത്യേക കബറിടത്തിൽ മൃതദേഹം സംസ്കരിക്കും.

ഉമ്മൻ ചാണ്ടിയുടെ ഭൗതികശരീരവും വഹിച്ചുള്ള വിലാപയാത്ര, പൊതുദർശനം എന്നിവയുമായി ബന്ധപ്പെട്ടാണ് പൊലീസ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മുതൽ കോട്ടയം വരെയായാണ് നിയന്ത്രണം. ലോറികൾ പോലുള്ള വലിയ വാഹനങ്ങൾ ദേശീയപാതയിലേക്ക് തിരിച്ചുവിടും. നാളെ പുതുപ്പള്ളിയിൽ എത്തുന്ന വാഹനങ്ങൾക്കുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ബെംഗളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ ചൊവ്വാഴ്ച പുലർച്ചെ 4.25-നായിരുന്നു ഉമ്മൻചാണ്ടി(79)യുടെ മരണം. അർബുദബാധയെത്തുടർന്ന് ദീർഘനാളായി ചികിത്സയിലായിരുന്നു. ബെംഗളൂരുവിൽ നിന്ന് തിരുവനന്തപുരത്ത് എത്തിച്ച മൃതദേഹം ഇന്നലെ തിരവുനന്തപുരത്ത് പൊതുദർശനത്തിന് വെച്ചിരുന്നു. പുതുപ്പള്ളി ഹൗസ്, ദർബാർ ഹാൾ, പാളയം പള്ളി, കെ പി സി സി ആസ്ഥാനം എന്നിവിടങ്ങളിൽ നടന്ന പൊതുദർശനത്തിൽ നിയന്ത്രണാതീതമായി ആളുകൾ ഒഴുകിയെത്തുകയായിരുന്നു.






പ്രതിപക്ഷ ഐക്യമുറപ്പിക്കാൻ ഒത്തുചേർന്ന 26 പ്രതിപക്ഷ കക്ഷികളുടെ യോഗം



സെക്രട്ടേറിയറ്റിൽ ദർബാർ ഹാളിൽ ഉമ്മൻചാണ്ടിയുടെ ഭൗതിക ശരീരം പൊതുദർശനത്തിന് വെച്ചപ്പോൾ .ചിത്രം പി.ടി.ഐ

# ഐക്യത്തിലൊരു 'ഇന്ത്യ'

അടുത്ത വർഷത്തെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപിയെ ഒറ്റക്കെട്ടായി നേരിടാനുള്ള ഐക്യമുറപ്പിക്കാൻ ഒത്തുചേർന്ന 26 പ്രതിപക്ഷ കക്ഷികൾ മുന്നണിക്കു പുതിയ പേരിട്ടു ഇന്ത്യ. 'ഇന്ത്യൻ നാഷനൽ ഡവലപ്മെന്റൽ ഇൻക്ലൂസീവ് അലയൻസ്' എന്നതിന്റെ ചുരുക്കെഴുത്താണിത്. ലോകസഭയിലേക്കുള്ള പോരാട്ടം ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎയും പ്രതിപക്ഷ നിരനയിക്കുന്ന ഇന്ത്യയും തമ്മിലായിരിക്കുമെന്ന് രാഹുൽ ഗാന്ധി പ്രഖ്യാപിച്ചു. പ്രതിപക്ഷത്തിന്റെ അടുത്ത യോഗം ഒരു മാസത്തിനുള്ളിൽ മുംബൈയിൽ ചേരും.

എൻസിപി (ശരദ് പവാർ), ശിവസേന (ഉദ്ധവ് താക്കറെ) എന്നീ പാർട്ടികൾ ആതിഥ്യം വഹിക്കും. യോഗത്തോടനുബന്ധിച്ച് മുംബൈയിൽ സംയുക്ത റാലി നടത്താനും ആലോചനയുണ്ട്. പ്രതിപക്ഷ നിരയുടെ കൺവീനറെ മുംബൈയിൽ തീരുമാനിക്കും. പ്രതിപക്ഷത്തിന്റെ പൊതുമിനിമം പരിപാടി, ഒറ്റക്കെട്ടായുള്ള പ്രചാരണം എന്നിവയുടെ മേൽനോട്ടത്തിനായി 11 അംഗ സമിതിക്കും രൂപം നൽകും. ഏകോപനത്തിനായി എല്ലാ കക്ഷികളിൽ നിന്നും ഒരാളെ വീതം ഉൾപ്പെടുത്തി ഡൽഹി കേന്ദ്രീകരിച്ചു സമിതിയും സജ്ജമാക്കും.

എന്നാൽ ഇന്ത്യ എന്ന പേര് ബ്രിട്ടീഷുകാരുടെ സംഭാവനയെന്ന് അസം മുഖ്യമന്ത്രി ഹിമന്ദ ബിശ്വ ശർമ പറഞ്ഞു. ട്വിറ്റർ ബയോയിലെ ഇന്ത്യ എന്നത് അദ്ദേഹം ഭാരത് എന്നാക്കി മാറ്റി. കൊളോണിയൽ ചിന്താഗതയിൽ നിന്ന് മോചിതരാകണം. മുൻഗാമികൾ ഭാരതത്തിനായാണ് പോരാടിയതെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് അസം മുഖ്യമന്ത്രിയെ പരിഹസിച്ച് കോൺഗ്രസും രംഗത്തെത്തി. കൊളോണിയൽ ചിന്താഗതിയെന്നത് ഹിമന്ദ സ്വന്തം ബോസിനോട് പറഞ്ഞാൽ മതിയെന്ന് ജയ്റാം രമേശ് പറഞ്ഞു. മോദി വിവിധ സർക്കാർ പദ്ധതികൾക്ക് ഇന്ത്യ എന്ന പേര് നൽകുന്നു. മുഖ്യമന്ത്രിമാരോട് ടീം ഇന്ത്യയായി പ്രവർത്തിക്കണമെന്ന് ആവശ്യപ്പെടുന്നു. ഇന്ത്യക്ക് വേണ്ടി വോട്ട് ചെയ്യണമെന്നാണ് തെരഞ്ഞെടുപ്പിൽ മോദി ആവശ്യപ്പെട്ടത്. മോദിയുടെ തെരഞ്ഞെടുപ്പ് പ്രചരണ വീഡിയോ പങ്കുവെച്ചാണ് ജയ്റാം രമേശിൻറെ വിമർശനം.

### ഇന്ത്യ; രാഹുലിന്റെ ആശയം

പ്രതിപക്ഷ നിരയ്ക്ക് ഇന്ത്യ എന്നു പേരിടാനുള്ള ആശയം മുന്നോട്ടുവച്ചതും അതിനുവേണ്ടി ശക്തമായി വാദിച്ചതും രാഹുൽ ഗാന്ധിയാണ്. മറ്റു പല നിർദേശങ്ങളും വന്നെങ്കിലും ഒടുവിൽ ഈ പേരുതന്നെ തീരുമാനമായി.

## പുതുപ്പള്ളിയിൽ നാളെ രാവിലെ 06.00 മുതൽ ഏർപ്പെടുത്തിയിരിക്കുന്ന ഗതാഗത ക്രമീകരണങ്ങൾ

1. തെങ്ങണയിൽ നിന്നും കോട്ടയം ഭാഗത്തേക്കുള്ള വാഹനങ്ങൾ ഞാലിയാകുഴിയിൽ നിന്നും ഇടത്തു തിരിഞ്ഞ് ചിങ്ങവനം വഴി പോകുക.
2. തെങ്ങണയിൽ നിന്നും മണർകാട് ഭാഗത്തേക്കുള്ള വാഹനങ്ങൾ ഞാലിയാകുഴിയിൽ നിന്നും കൈതേപ്പാലം വേട്ടത്തുകവല സ്കൂൾ ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് കഞ്ഞെള ജംഗ്ഷനിൽ എത്തി മണർകാട് പോകുക.
3. മണർകാട് നിന്നും തെങ്ങണ ഭാഗത്തേക്കുള്ള വാഹനങ്ങൾ കഞ്ഞെള ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് വേട്ടത്തുകവല സ്കൂൾ ജംഗ്ഷനിൽ എത്തി കൈതേപ്പാലം വഴി തെങ്ങണ പോകുക.
4. കറുകച്ചാൽ നിന്നും കോട്ടയം ഭാഗത്തേക്കുള്ള വാഹനങ്ങൾ കൈതേപ്പാലം വേട്ടത്തുകവല സ്കൂൾ ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് കഞ്ഞെള ജംഗ്ഷനിൽ എത്തി മണർകാട് പോകുക.
5. കോട്ടയത്ത് നിന്നും തെങ്ങണ ഭാഗത്തേക്കുള്ള വാഹനങ്ങൾ പുതുപ്പള്ളി കഞ്ഞെള ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് വേട്ടത്തുകവല സ്കൂൾ ജംഗ്ഷനിൽ എത്തി കൈതേപ്പാലം വഴി തെങ്ങണ പോകുക.
6. കഞ്ഞിക്കുഴി നിന്നും കറുകച്ചാൽ ഭാഗത്തേക്കുള്ള വാഹനങ്ങൾ പുതുപ്പള്ളി കഞ്ഞെള ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് വേട്ടത്തുകവല സ്കൂൾ ജംഗ്ഷനിൽ എത്തി കൈതേപ്പാലം വഴി തെങ്ങണ പോകുക.

# ഡിവൈഎഫ്ഐ പ്രവർത്തകനെ ക്രിമിനൽ കൊട്ടേഷൻ സംഘം വെട്ടിക്കൊന്നു

ആലപ്പുഴ: കായംകുളം കൃഷ്ണപുരത്ത് ഡിവൈഎഫ്ഐ പ്രവർത്തകനെ ക്രിമിനൽ കൊട്ടേഷൻ സംഘം വെട്ടിക്കൊന്നു. ഡിവൈഎഫ്ഐ ദേവികുളങ്ങര മേഖലാ കമ്മിറ്റി അംഗമായിരുന്ന പുതുപ്പള്ളി പത്തിശേരി സ്വദേശി അമ്പാടിയെ (21) ആണ് നാലംഗ ക്രിമിനൽ കൊട്ടേഷൻ സംഘം നടുറോഡിൽ വെട്ടിക്കൊന്നത്. ചെവ്വാഴ്ച വൈകീട്ട് ആറു മണിയോടെയാണ് സംഭവം. കാപ്പിൽ കളത്തട്ട് ജംഗ്ഷനിൽ വച്ച് നാലു ബൈക്കുകളിലായി എത്തിയ സംഘം അമ്പാടിയെ മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയായിരുന്നു. അമ്പാടിയുടെ കഴുത്തിനും കൈക്കും വെട്ടേറ്റിരുന്നു. കഴുത്തിനേറ്റ വെട്ടാണ് മരണകാരണം. വാഹനം തട്ടിയതുമായി ബന്ധപ്പെട്ടിട്ടുണ്ടായ തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചതെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. സംഭവത്തിൽ പൊലീസ് അന്വേഷണം



അമ്പാടി

ആരംഭിച്ചു. കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡിവൈഎഫ്ഐയും സിപിഎമ്മും ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ ബുധനാഴ്ച ഉച്ചയ്ക്ക് രണ്ടു മുതൽ ഹർത്താൽ പ്രഖ്യാപിച്ചു.

അമ്പാടിയുടെ മൃതദേഹം കായംകുളം താലൂക്ക് ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പുതുപ്പള്ളി പത്തിശേരി കടക്കാവിൽ വേലശേരിൽ സന്തോഷ് ശകുന്തള - ദമ്പതികളുടെ മകനാണ് അമ്പാടി.

# 'ഞാൻ ഇന്ന് ലജ്ജിക്കുന്നു, ക്ഷമിക്കുക': സോളാറിൽ മുൻ ദേശാഭിമാനി എഡിറ്ററുടെ ക്ഷമാപണം

സോളർ വിവാദത്തിൽ ഉമ്മൻ ചാണ്ടിക്കെതിരെ ഉയർന്ന ആരോപണം സംബന്ധിച്ച വാർത്തകൾക്കു മൗനത്തിലൂടെ നൽകിയ അധാർമിക പിന്തുണയിൽ ലജ്ജിക്കുന്നെന്ന് 'ദേശാഭിമാനി'യുടെ മുൻ കൺസൽറ്റിങ് എഡിറ്റർ എൻ.മാധവൻകുട്ടിയുടെ കുമ്പസാരം. മനഃസാക്ഷിയുടെ വിളി വന്നതുകൊണ്ടാണ് ഇത് പറയുന്നതെന്നും മാധവൻകുട്ടി ഫെയ്സ്ബുക്കിൽ കുറിച്ചു. മാധവൻകുട്ടിയുടെ മാപ്പപേക്ഷ ദേശാഭിമാനി പ്രസിദ്ധീകരിക്കാൻ തയാറാകുമോ എന്നു കെപിസിസി വൈസ് പ്രസിഡന്റ് വി.ടി.ബൽറാം ചോദിച്ചു.



**മാധവൻകുട്ടിയുടെ ഫെയ്സ്ബുക്ക് കുറിപ്പിന്റെ പ്രസക്തഭാഗം:**

'സരിത ' വിഷയത്തിൽ ഉമ്മൻ ചാണ്ടിക്കു നേരേ ഉയർത്തപ്പെട്ട അടിസ്ഥാനരഹിതമായ ലൈംഗീക ആരോപണത്തിനു അന്നു ദേശാഭിമാനിയിൽ കൺസൾട്ടിങ്ങ് എഡിറ്റർ പദവി വഹിച്ചിരുന്നുവെന്ന ഒറ്റ കാരണം കൊണ്ടു മൗനത്തിലൂടെ ഞാൻ നൽകിയ അധാർമ്മിക പിന്തുണയിൽ ഞാനിന്നു ലജ്ജിക്കുന്നു. ഇതു പറയാൻ ഓസിയുടെ മരണംവരെ ഞാൻ എന്തിനു കാത്തിരുന്നു എന്ന ചോദ്യം ന്യായം. ഒരു മറുപടിയെ ഉള്ളു. നിങ്ങൾക്ക് മനസാക്ഷിയുടെ വിളി എപ്പോഴാണ് കിട്ടുകയെന്നു പറയാനാവില്ല. ക്ഷമിക്കുക. ഉമ്മൻ ചാണ്ടിയുടെ കുടുംബത്തിന്റെയും കോൺഗ്രസ് യുഡിഎഫ് പ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നു.

## പ്ലസ് വൺ പ്രവേശനം: രണ്ടാം സപ്ലിമെന്ററി അലോട്മെന്റിന് ഇന്നു മുതൽ അപേക്ഷിക്കാം




ഒന്നാം വർഷ ഹയർ സെക്കൻഡറി പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് മുതൽ അപേക്ഷ നൽകാം. മുഖ്യ അലോട്ട്മെന്റുകളിലും ഒന്നാം ഘട്ട സപ്ലിമെന്ററി അലോട്ട്മെന്റിലും അപേക്ഷിച്ചിട്ടും ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷിക്കാത്തവർക്കും രണ്ടാം സപ്ലിമെന്ററി അലോട്മെന്റിന് പരിഗണിക്കുന്നതിനായി അപേക്ഷ നൽകാം.

രാവിലെ 10 മുതൽ വ്യാഴം വൈകിട്ട് 4 മണി വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. പ്ലസ് വൺ പ്രവേശനത്തിന് ഇതുവരെ അപേക്ഷിക്കാത്തവർക്ക് ഒരു അവസരം കൂടി ഇപ്പോൾ ലഭിക്കുന്നുണ്ട്.

തെറ്റായ വിവരങ്ങൾ ഉൾപ്പെട്ടതിനാൽ അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ലഭിച്ചിട്ടും പ്രവേശനം നടത്താൻ സാധിക്കാത്തവർക്കും രണ്ടാം സപ്ലിമെന്ററി അലോട്മെന്റിനായി അപേക്ഷിക്കാം. അപേക്ഷയിലെ തെറ്റുകൾ തിരുത്തിയാണ് പുതിയ അപേക്ഷ നൽകേണ്ടത്.

നിലവിൽ ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം ലഭിച്ചവർക്കും അലോട്ട്മെന്റ് ലഭിച്ചിട്ട് ഹാജരാകാഞ്ഞവർക്കും ( നോൺ ജോയിനിങ്) മെറിറ്റ് ക്വാട്ടയിൽ നിന്നും പ്രവേശനം നേടിയ ശേഷം ക്യാൻസൽ ചെയ്തവർക്കും ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിയ ശേഷം ടിസി വാങ്ങിയവർക്കും വീണ്ടും അപേക്ഷിക്കാനാവില്ല.

രണ്ടാം സപ്ലിമെന്ററി അലോട്മെന്റിനായുള്ള ഓരോ സ്കൂളുകളിലെയും സീറ്റ് ഒഴിവുകളും മറ്റ് വിവരങ്ങളും രാവിലെ 9 മണി മുതൽ അഡ്മിഷൻ വെബ്സൈറ്റായ https://hsc-ap.kerala.gov.in ൽ ലഭ്യമാണ്. നിലവിൽ എല്ലാ വിദ്യാലയങ്ങളിലും സപ്ലിമെന്ററി അലോട്ട്മെന്റുമായി ബന്ധപ്പെട്ട സംശയനിവാരണത്തിന് ഹെൽപ്പ് ഡെസ്കുകളെ സജ്ജീകരിക്കാൻ വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

## ആന്ധ്രയിൽ തക്കാളി കർഷകനെ കവർച്ച സംഘം കൊലപ്പെടുത്തി

ആന്ധ്രപ്രദേശിൽ കവർച്ചാ സംഘം തക്കാളി കർഷകനെ കൊല്പപെടുത്തി. അന്നമായ ജില്ലയിലെ മധുകർ റെഡ്ഡിയെന്ന കർഷകനെയാണ് അജ്ഞാതർ കൊലപ്പെടുത്തിയത്.

പെദ്ധ തിപ്പ സമുദ്രയിലെ തോട്ടത്തിന് കാവലിന് പോയ മധുകർ റെഡ്ഡിയെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. പൊലീസ് സംഭവസ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. സമാനമായ രീതിയിൽ ഒരാഴ്ചയ്ക്കിടയിൽ ജില്ലയിൽ മറ്റൊരു കർഷകനും കൊല്ലപ്പെട്ടിരുന്നു. തക്കാളി വിൽപ്പന നടത്തി വന്ന നരീം രാജശേഖർ റെഡ്ഡിയെന്ന കർഷകനെയാണ് കഴിഞ്ഞ ആഴ്ച കവർച്ചാ സംഘം കൊലപ്പെടുത്തിയത്.



കോഴിക്കോട് പുതിയപാലത്ത് കെട്ടിടത്തിന് തീപിടിച്ചപ്പോൾ

## കോഴിക്കോട് പുതിയപാലത്ത് കെട്ടിടത്തിന് തീപിടിച്ചു

കോഴിക്കോട് പുതിയപാലത്ത് കെട്ടിടത്തിന് തീപിടിച്ചു. ഇന്ന് പുലർച്ചെയോടെയാണ് തീപിടിത്തമുണ്ടാകുന്നത്. ഹിന്ദുസ്ഥാൻ ഓയിൽ മില്ലിന് പുറകിലെ വസ്ത്രവ്യാപാര സ്ഥാപനം, ഗോൾഡ് കവറിങ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്ന കെട്ടിടത്തിനാണ് തീപിടിച്ചത്. തീപിടിത്തത്തിൽ കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകൾ പൂർണമായും കത്തിനശിച്ചു. സംഭവത്തിൽ ആളപായം ഇല്ല. രണ്ട് യൂണിറ്റ് ഫയർ ഫോഴ്സ് സ്ഥലത്തെത്തി കെട്ടിടത്തിലെ തീ അണച്ചിട്ടുണ്ട്. തീപിടിത്തത്തിനുള്ള കാരണം വ്യക്തമല്ല.

## ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ സാധ്യത: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴ



കേരളത്തിൽ വ്യാപകമായ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഞായറാഴ്ച വരെ ശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. തെക്ക്- പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും ഒഡിഷ തീരപ്രദേശത്തിനും നിലനിൽക്കുന്ന ചക്രവാതചുഴി അടുത്ത 48 മണിക്കൂറിനുള്ളിൽ വടക്ക് - പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനു മുകളിൽ ന്യൂനമർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. ഇതിനാലാണ് കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യത.

ഇന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്. കേരള തീരത്ത് വ്യാഴം രാത്രി വരെ 3.0 മുതൽ 3.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും നിർദേശമുണ്ട്.

## ചാന്ദ്രയാൻ 3 : മൂന്നാം ഭ്രമണപഥം ഉയർത്തലും വിജയം



ചന്ദ്രനിലേക്കുള്ള യാത്രയിൽ വീണ്ടും കുതിച്ച് ചാന്ദ്രയാൻ 3. ചൊവ്വാഴ്ച നടന്ന മൂന്നാം ഭ്രമണപഥം ഉയർത്തലും വിജയകരം. ഭൂമിക്ക് ചുറ്റുമുള്ള പഥം 228- 51400 കിലോമീറ്ററിലേക്കാണ് ഉയർത്തിയത് ബംഗളൂരുവിലെ ടെലിമെററി ട്രാക്കിങ് കേന്ദ്രം നൽകിയ കമാൻഡ് കൃത്യമായി സ്വീകരിച്ചു. തുടർന്ന് 17 മിനിറ്റ് ത്രസ്റ്റർ എൻജിൻ ജ്വലിച്ചു. ഉച്ചകഴിഞ്ഞ് 2.45 ന് ഐഎസ്ആർഒയുടെ പോർട്ട്ബ്ലയർ ട്രാക്കിങ് സ്റ്റേഷനു മുകളിലെത്തിയപ്പോഴാണ് ജ്വലന പ്രക്രിയ ആരംഭിച്ചത് നൂറു കിലോഗ്രാമിലേറെ ഇന്ധനം ഉപയോഗിച്ചു. രണ്ട് തവണ കൂടി ഭ്രമണപഥം ഉയർത്തിയ ശേഷം പേടകം ഭൂമിയുടെ ആകർഷണ വലയത്തിൽനിന്ന് പുറത്തുകടന്ന് ചന്ദ്രനിലേക്ക് നേരിട്ട് യാത്ര തുടങ്ങും.

അടുത്ത പഥം ഉയർത്തൽ 20 നും 25 നും നടക്കും. ആഗസ്ത് അഞ്ചിന് ചന്ദ്രന്റെ ഗുരുത്വാകർഷണ വലയത്തിലേക്ക് പേടകം എത്തും. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ 23 ന് വൈകിട്ട് സോഫ്റ്റ് ലാൻഡ് ചെയ്യും.

## മിച്ചഭൂമി കേസിൽ സർക്കാർ ഇന്ന് സത്യവാങ് മൂലം സമർപ്പിക്കണം; പി.വി അൻവറിന് നിർണായകം

കൊച്ചി: പിവി അൻവർ എംഎൽഎക്കെതിരായ മിച്ചഭൂമി കേസ് ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും. എംഎൽഎയും കുടുംബാംഗങ്ങളും കൈവശം വച്ചിരിക്കുന്ന മിച്ചഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നതിൽ സർക്കാർ ഇന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കും. റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം വേണമെന്ന സർക്കാരിന്റെ ആവശ്യം കോടതി തള്ളിയിരുന്നു.

ജസ്റ്റിസ് രാജ വിജയരാഘവന്റെ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. മലപ്പുറം ജില്ലാ വിവരാവകാശ പ്രവർത്തക കൂട്ടായ്മ കോഓർഡിനേറ്റർ കെവി ഷാജിയാണ് കോടതിയലക്ഷ്യ ഹർജി നൽകിയത്. മിച്ചഭൂമി കൈവശം വെച്ചെന്ന പരാതിയിൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ 2021 ലും 2022 ലും ഹൈക്കോടതി ഉത്തരവിട്ടിരുന്നെങ്കിലും നടപ്പായിരുന്നില്ല. തുടർന്നാണ് ഹർജിക്കാരൻ കോടതിയലക്ഷ്യ ഹർജിയുമായി എത്തിയത്. കേസിൽ ഇന്നത്തെ വിധി പിവി അനവറിന് നിർണായകമാകും.

# മഅ്ദനി നാളെ നാട്ടിലെത്തും; അൻവാർശേരിയിലേക്ക് പോകും



സ്ഥിരമായി കേരളത്തിൽ കഴിയാൻ സുപ്രീംകോടതി അനുമതി നൽകിയ പശ്ചാത്തലത്തിൽ പി.ഡി.പി ചെയർമാൻ അബ്ദുന്നാസിർ മഅ്ദനി വ്യാഴാഴ്ച നാട്ടിലെത്തും. രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന മഅ്ദനി കൊല്ലം അൻവാർശേരിയിലേക്ക് പോകും.

കൊല്ലം ജില്ല വിട്ടുപോകരുതെന്ന ഉപാധിയിൽ ജസ്റ്റിസുമാരായ എ.എസ്. ബൊപ്പണ്ണ, എം.എം. സുന്ദരേഷ് എന്നിവരടങ്ങിയ ബെഞ്ചാണ് കഴിഞ്ഞദിവസം ജാമ്യവ്യവസ്ഥയിൽ ഇളവ് അനുവദിച്ചത്. 15 ദിവസത്തിലൊരിക്കൽ അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ ഹാജരാകണം. വിചാരണ പൂർത്തിയായത് കണക്കിലെടുത്താണ് 2014 ജൂലൈ 11ന് പുറപ്പെടുവിച്ച ജാമ്യവ്യവസ്ഥയിൽ പരിഷ്കരണം വരുത്തി ഉത്തരവിടുന്നതെന്നും ഇളവ് ആവശ്യപ്പെട്ടുള്ള അപേക്ഷ തീർപ്പാക്കുന്നതായും ബെഞ്ച് വ്യക്തമാക്കിയിരുന്നു.

വിചാരണ പൂർത്തിയായെന്നും മഅ്ദനി ഇനി ബംഗളൂരുവിൽ തുടരേണ്ട ആവശ്യമില്ലെന്നും അദ്ദേഹത്തിന്റെ അഭിഭാഷകരായ കപിൽ സിബലും ഹാരിസ് ബീരാനും കോടതിയെ അറിയിച്ചു. ഇതു കോടതി അംഗീകരിക്കുകയായിരുന്നു. കിടപ്പിലായ പിതാവിനെ സന്ദർശിക്കാൻ ഏപ്രിൽ 17ന് മഅ്ദനിക്ക് സുപ്രീംകോടതി മൂന്നുമാസത്തെ ജാമ്യ ഇളവ് നൽകിയിരുന്നു. എന്നാൽ, സുരക്ഷാ ചെലവിനത്തിൽ അന്നത്തെ കർണാടക സർക്കാർ 60 ലക്ഷം രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടതോടെ യാത്ര ഒഴിവാക്കി.കോൺഗ്രസ് സർക്കാർ അധികാരത്തിലെത്തി ഇക്കാര്യത്തിൽ ഇളവ് നൽകിയതോടെ ജൂൺ 26ന് അദ്ദേഹം ബംഗളൂരുവിൽനിന്ന് വിമാനമാർഗം കൊച്ചിയിൽ എത്തിയെങ്കിലും ആരോഗ്യപ്രശ്നങ്ങളുള്ളതിനാൽ യാത്ര ചെയ്യാനായില്ല. ഒടുവിൽ പിതാവിനെ കാണാനാകാതെ ബംഗളൂരുവിലേക്ക് തന്നെ മടങ്ങുകയായിരുന്നു.

### തെരുവ് നായ ആക്രമണം

## കുത്തിവെപ്പിന് പിന്നാലെ കാൽ മുറിച്ച് മാറ്റിയ വീട്ടമ്മക്ക് ദാരുണാന്ത്യം



പാലക്കാട്: തെരുവ് നായയുടെ കടിയേറ്റ വീട്ടമ്മ ചികിത്സയിലിരിക്കെ മരിച്ചു. പാലക്കാട് നെന്മാറ വിത്തിനശ്ശേരി സ്വദേശിയായ സരസ്വതി (60) ആണ് മരിച്ചത്. രണ്ട് മാസങ്ങൾക്ക് മുമ്പാണ് ഇവർക്ക് തെരുവ് നായയുടെ കടിയേറ്റത്.

ഉടനെ തന്നെ ജില്ലാ ആശുപത്രിയിൽ നിന്ന് പ്രതിരോധ കുത്തിവെപ്പ് എടുക്കുകയും ചെയ്തിരുന്നു. എന്നാൽ വാക്സിൻ എടുത്തതിന് പിന്നാലെ കാൽ മുഴുവൻ പൊള്ളലേറ്റ നിലയിലായി മാറി. പിന്നീട് ആരോഗ്യ നില ഗുരുതരമാവുകയും തൃശ്ശൂർ മെഡിക്കൽ കോളേജിൽ വെച്ച് കാൽ മുറിച്ച് മാറ്റുകയായിരുന്നു. ഇതിന് പിന്നാലെയാണ് മരണം സംഭവിച്ചിരിക്കുന്നത്. ചികിത്സക്കിടെ ഇവർക്ക് പേ വിഷബാധ സ്ഥിരീകരിച്ചിട്ടുണ്ടായിരുന്നു.

അതേസമയം സംസ്ഥാനത്തൊട്ടാകെ തെരുവ് നായ ആക്രമണം തുടരുകയാണ്. കഴിഞ്ഞ ദിവസമാണ് തിരുവന്തപുരം ബാലരാമപുരത്ത് മൂന്ന് വയസ്കാരിക്കും അമ്മക്കും നായയുടെ കടിയേറ്റത്. കുട്ടിയുടെ മുഖത്തും അമ്മയുടെ കാലിലുമാണ് നായ കടിച്ചത്. ഇതിന് പുറമെ വെങ്ങാനൂർ പഞ്ചായത്തിലും പുത്തൻ കാനത്തും നായയുടെ ആക്രമണം റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് നായയെ ചത്ത നിലയിൽ കണ്ടെത്തിയത് ഭീതി പടർത്തിയിരുന്നു. കടിയേറ്റവർക്ക് പ്രതിരോധ കുത്തി വെപ്പ് നൽകിയതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു.



കെ. നാരായണൻകുട്ടി മാസ്റ്ററുടെ 14ാം ചരമവാർഷിക അനുസ്മരണം എൻ.സി.പി ജില്ലാ പ്രസിഡന്റ് മുക്കം മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

## കെ. നാരായണൻകുട്ടി മാസ്റ്ററെ അനുസ്മരിച്ചു

കുന്ദമംഗലം: എൻ.സി.പി ജില്ലാ പ്രസിഡന്റും ജില്ലാ ആയുർവേദ ആശുപത്രി ഡയറക്ടറുമായിരുന്ന ക. നാരായണൻകുട്ടി മാസ്റ്ററെ 14ാം ചരമവാർഷിക ദിനത്തിൽ അനുസ്മരിച്ചു. എൻ.സി.പി ജില്ലാ പ്രസിഡന്റ് മുക്കം മുഹമ്മദ് ഉദ്ഘാടനം ചെയ്തു. പ്രകാശ് കറുത്തേടത്ത് അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി എം. ആലിക്കോയ അനുസ്മര പ്രഭാഷണം നടത്തി. സുനിൽസിങ്, ആലിസ് മാത്യു, പി. സുധാകരൻ, അഡ്വ: എം.പി സൂര്യനാരായണൻ, ബേബി വാസവൻ, അസൈൻകുട്ടി, എം. ജയപ്രകാശ്, കെ.കെ ഭരതൻ, കെ.കെ അബൂബക്കർ എന്നിവർ പ്രസംഗിച്ചു.

## 'ബീച്ച് ആശുപത്രിയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം'

കോഴിക്കോട്: പോരായ്മകൾ കൊണ്ട് വീർപ്പുമുട്ടുന്ന ജില്ലാ ബീച്ച് ആശുപത്രിയിലെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണാൻ ആരോഗ്യവകുപ്പ് അടിയന്തരമായി തയ്യാറാവണമെന്ന് ജനകീയ ആരോഗ്യസംരക്ഷണ സമിതി കോഴിക്കോട് ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ഈ ആവശ്യം ഉന്നയിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രിക്ക് നിവേദനം നൽകി.ലാബുകളിലും മരുന്നുവാങ്ങുന്ന സ്ഥലങ്ങളിലും വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ രോഗികൾ മണിക്കൂറുകളോളം നിൽക്കേണ്ടി വരികയാണ്. ആശുപത്രിയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉടൻ തയ്യാറാവണമെന്നും അല്ലാത്തപക്ഷം ശക്തമായ സമരത്തിന് തയ്യാറാവുമെന്നും യോഗം മുന്നറിയിപ്പ് നൽകി.ബീച്ച് ആശുപത്രിയിലെയും മെഡിക്കൽ കോളജിലെയും രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും അവകാശ പത്രിക അടുത്തമാസം സർക്കാറിന് സമർപ്പിക്കുവാനും യോഗം തീരുമാനിച്ചു. രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. അബൂബക്കർ വെള്ളയിൽ, ടി.എം സത്യജിത്ത്, കെ.റുക്കിയ, എ.അച്ചുതൻ നായർ, പി.ടി കോയ, എം. ജോസൂട്ടി എന്നിവർ സംസാരിച്ചു.

## ഉമ്മൻ ചാണ്ടിയുടെ മരണം: അനുശോചിച്ചു

കോഴിക്കോട്: മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നിര്യാണത്തിൽ വിവിധ നേതാക്കളും അനുശോചിച്ചു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കോഴിക്കോട് ജില്ലാ സെക്രട്ടറിയേറ്റ് അനുശോചനം രേഖപ്പെടുത്തി.

തികച്ചും മാതൃകാപരമായ പ്രവർത്തനം നടത്തിയ നേതാവായിരുന്നു ഉമ്മൻചാണ്ടി. കേരളത്തിലെ വ്യാപാരികൾക്ക് ഗുണപരമായ കാര്യങ്ങൾ ചെയ്യുകയും കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുമായി നല്ല ബന്ധം പുലർത്തുകയും ചെയ്ത ഭരണകർത്താവായിരുന്നു അദ്ദേഹം എന്ന് യോഗം അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡണ്ട് അഷ്റഫ് മൂത്തേടത്ത് അധ്യക്ഷത വഹിച്ചു. ജി.കെ തോമസ്, വി.സുനിൽ കുമാർ, പി.കെ ബാപ്പു ഹാജി, എം.ഷാഹുൽ ഹമീദ്, എ.വി. എം കബീർ, മണിയോത്ത് മൂസ, ഏറത്ത് ഇക്ബാൽ, അമീർ മുഹമ്മദ് ഷാജി, റഫീഖ് മാളിക, കെ.എം ഹനീഫ, കെ.ടി വിനോദൻ, വി.ഇബ്രാഹീം ഹാജി, കെ.പി മൊയ്തീൻകോയ ഹാജി, എം.ബാബുമോൻ, പി.സി അഷ്റഫ്, മനാഫ് കാപ്പാട്, സുരേഷ്ബാബു കൈലാസ്, വലത്തീഫ്, എ.കെ മൻസൂർ, യു. അബ്ദുറഹിമാൻ, ടി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ, സരസ്വതി താമരശ്ശേരി എന്നിവർ സംസാരിച്ചു.

ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ കവിയും ഫോക് ലോറിസ്റ്റും ആക്ടിവിസ്റ്റുമായ ഗിരീഷ് ആമ്പ്ര അനുശോചനം രേഖപ്പെടുത്തി.

ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ കേരള പ്രവാസി അസോസിയേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി അനുശോചിച്ചു. കളങ്കമില്ലാതെ ഒരു രാഷ്ട്രീയ നേതാവാണ് ഉമ്മൻചാണ്ടിയെന്നും എപ്പോഴും പുഞ്ചിരിയോടെ ജനങ്ങൾക്കിടയിൽ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്ന കേരളാ രാഷ്ട്രീയത്തിലെ ഒരു വെള്ളരിപ്രാവിനെയാണ് കേരളാ ജനതക്ക് നഷ്ടപ്പെട്ടതെന്ന് കണ്ണൂർ ജില്ലാ പ്രസിഡന്റ് പി. മുഹമ്മദ് ഇക്ബാൽ പറഞ്ഞു.

മാഹി: മുൻ കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ മാഹി എം.എൽ.എ രമേശ് പറമ്പത്ത് അനുശോചിച്ചു. ചൊക്ലി ആസാദ് കൾച്ചറൽ ഫോറവും അനുശോചിച്ചു.

ചൊക്ലി പീപ്പിൾസ് വെൽഫെയർ സൊസൈറ്റി ഹാളിൽ നടന്ന യോഗത്തിൽ വി.കെ ഭാസ്കരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. കെ.പി ദയാനന്ദൻ, അഡ്വ: പി.കെ രവീന്ദ്രൻ, പി.അബ്ദുൾമജീദ്, പി.പി.പ്രേംദാസ്, കുനിയിൽ സത്യനാഥൻ, കെ. പ്രദീപ് കുമാർ എന്നിവർ സംസാരിച്ചു.

കോഴിക്കോട്: ഭരണാധികാരി ജനകീയനാകണമെന്ന് സ്വന്തം ജീവിതം കൊണ്ട് പൊതു സമൂഹത്തെ ബോധ്യപ്പെടുത്തിയ ജന നായകനെയാണ് കേരളത്തിന് നഷ്ടമായതെന്ന് കാലിക്കറ്റ് ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ആൾക്കൂട്ടത്തെ ആഘോഷമാക്കിയ വ്യക്തി ഏത് കാര്യത്തിനും ആർക്കും സമീപിക്കാം. തൊഴിൽ മന്ത്രിയായ കാലത്താണ് തൊഴിലില്ലായ്മ വേതനം കൊണ്ട് വന്നത്, ധനകാര്യ മന്ത്രി, മുഖ്യമന്ത്രി പദവികളിൽ വ്യവസായ വാണിജ്യ മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ടെന്നും ചേംബർ പ്രസിഡന്റ് റാഫി പി. ദേവസിയും സെക്രട്ടറി എ.പി അബ്ദുല്ലക്കുട്ടിയും പ്രസ്ഥാവനയിൽ പറഞ്ഞു.



ജില്ലാ ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഷാജേഷ് കുമാറിന് സരോവരം ഗ്രീൻ എക്സ്പ്രസ് ട്രസ്റ്റ് ഒരുക്കിയ സ്വീകരണം

## കെ. ഡി. എഫ്. എ സെക്രട്ടറിക്ക് സ്വീകരണം

കോഴിക്കോട്: ജില്ലാ ഫുട്ബോൾ അസോസിയേഷൻ(കെ.ഡി.എഫ്.എ) സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഷാജേഷ് കുമാറിന് സരോവരം ഗ്രീൻ എക്സ്പ്രസ് ട്രസ്റ്റ് ഒരുക്കിയ സ്വീകരണ പരിപാടി കോഴിക്കോട് പാരമൗണ്ട് ടവറിൽ തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. കോർപ്പറേഷൻ കൗൺസിലർ വരുൺ ഭാസ്കർ അദ്ധ്യക്ഷത വഹിച്ചു.

കാലിക്കറ്റ് പ്രസ് ക്ലബ് പ്രസിഡണ്ട് എം. ഫിറോസ് ഖാൻ, നവാസ്.കെ.പി, ലാലു എന്റിച്ച് എന്നിവർ സംസാരിച്ചു. ട്രസ്റ്റ് സെക്രട്ടറി മുസ്തഫ വീർക്കണ്ടി സ്വാഗതവും വൈ. ചെയർമാൻ നജീബ് നന്ദിയും പറഞ്ഞു.

## മലേഷ്യയിൽ കാന്തപുരത്തിന് ഉജ്ജ്വല വരവേൽപ്പ്

ക്വാലാലംപൂർ: അഞ്ച് ദിവസത്തെ സന്ദർശനത്തിന് മലേഷ്യയിലെത്തിയ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർക്ക് ഊഷ്മള വരവേൽപ്പ്. ചാർട്ടേർഡ് വിമാനത്തിൽ സുബാങ്ങിലെ സുൽത്താൻ അബ്ദുൽ അസീസ് ഷാഹ് വിമാനത്താവളത്തിൽ ഇറങ്ങിയ കാന്തപുരത്തെ സർക്കാർ പ്രതിനിധികളും മർകസ് ഗ്ലോബൽ മലേഷ്യ ചാപ്റ്റർ പ്രതിനിധികളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് കാന്തപുരത്തെ പ്രധാനമന്ത്രിയുടെ കാര്യാലയത്തിലേക്ക് ആനയിച്ചു. പ്രധാനമന്ത്രി അൻവർ ഇബ്രാഹീമും കാന്തപുരവും തമ്മിൽ നടന്ന സംഭാഷണത്തിൽ മലേഷ്യയും ഇന്ത്യയും തമ്മിലുള്ള സാംസ്കാരിക വിനിമയം ചർച്ചയായി.

ഇന്ത്യയുമായി നിരവധി മേഖലകളിൽ ബന്ധം ശക്തമാക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ക്ഷണിച്ചിട്ടുണ്ടെന്നും ഇന്ത്യൻ ഗ്രാൻഡ് മുഫ്തിയോട് അൻവർ ഇബ്രാഹീം പറഞ്ഞു.

അധ്യാപനവും സാമൂഹിക പ്രവർത്തനങ്ങളും ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ട് പോകുന്നതിൽ കാന്തപുരത്തെ അദ്ദേഹം അഭിനന്ദിച്ചു. ഇരുവരും സ്നേഹോപഹാരം കൈമാറി. മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുൽ ഹകീം അസ്ഹരി, നോളജ് സിറ്റി സി.ഇ.ഒ ഡോ. അബ്ദുസ്സലാം, ജാമിഉൽ ഫുതൂഹ് പരിപാലന കമ്മിറ്റി ചെയർമാൻ കുറ്റൂർ അബ്ദുറഹ്മാൻ ഹാജി തുടങ്ങിയവർ കാന്തപുരത്തെ അനുഗമിക്കുന്നുണ്ട്. വരും ദിവസങ്ങളിൽ വിവിധ ഔദ്യോഗിക പരിപാടികളിൽ കാന്തപുരം പങ്കെടുക്കും.

അൻവർ ഇബ്രാഹീമിന്റെ ക്ഷണപ്രകാരമാണ് കാന്തപുരം മലേഷ്യയിലെത്തിയത്. ശനിയാഴ്ച നടക്കുന്ന സ്വഹീഹുൽ ബുഖാരി പണ്ഡിത സമ്മേളനത്തിൽ കാന്തപുരം മുഖ്യപ്രഭാഷണം നടത്തും. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. മതകാര്യ വകുപ്പ് മന്ത്രി ഡോ. മുഹമ്മദ് നാഹിം ബിൻ മുക്താർ, ശൈഖ് ഡോ. ഉസാമ അൽ അസ്ഹരി, മുഫ്തി ഡോ. ലുഖ്മാൻ ബിൻ ഹാജി അബ്ദുല്ല പങ്കെടുക്കും. മലേഷ്യയിലെ ആയിരത്തോളം പണ്ഡിതന്മാർ സമ്മേളത്തിൽ സംബന്ധിക്കും.

## മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു

കോഴിക്കോട്: വെസ്റ്റ്ഹിൽ അനാഥ മന്ദിര സമാജം നടത്തുന്നത് സമാനതകളില്ലാത്ത സേവന പ്രവർത്തനമാണെന്നും സമാജത്തിന്റെ കാലാനുസൃതമായ പുരോഗതിക്കായി എന്നും കൂടെയുണ്ടാകുമെന്നും കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ അനുരാധാ തായാട്ട് പറഞ്ഞു.വെസ്റ്റ്ഹിൽ അനാഥ മന്ദിര സമാജത്തിലെ താമസക്കാർക്ക് വേണ്ടി വെസ്റ്റ്ഹിൽ പൗരസമിതിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ പ്രതിമാസ ഹോമിയോ മെഡിക്കൽ ക്യാംപിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ. ചടങ്ങിൽ അനാഥ മന്ദിര സമാജം സെക്രട്ടറി സുധീഷ് കേശവപുരി അധ്യക്ഷത വഹിച്ചു.

## സാമ്പത്തിക സഹായം: തൊഴിലാളി ക്ഷേമ ബോർഡ് അപേക്ഷ ക്ഷണിച്ചു

മാഹി : പുതുച്ചേരി കെട്ടിട കെട്ടിടേതര തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായവരുടെ മക്കളുടെ പഠനത്തിനായുള്ള സാമ്പത്തിക സഹായത്തിനായി അപേക്ഷ ക്ഷണിച്ചു.

2022-23ൽ സെൻടാക് മുഖേന എം.ബി.ബി.എസ്, ബി.ഡി.എസ്, എഞ്ചിനിയറിംങ്ങ് ഡിപ്ലോമ, പി.ജി മെഡിക്കൽ, എഞ്ചിനിയറിംങ്ങ്, ഡിഗ്രി, പി.ജി, ഡിപ്ലോമ എന്നിവ പഠിക്കുന്ന കുട്ടികളിൽ നിന്നുമാണ് സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചത്. കൂടാതെ കഴിഞ്ഞ അദ്ധ്യായന വർഷം ഹയർ സെക്കണ്ടറി വിഭാഗത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡിനുള്ള അപേക്ഷയും ക്ഷണിച്ചു.

അപേക്ഷ ഫോറം https://labour.py.gov.in/puducherry-buildingother- എന്ന സൈറ്റിൽ ലഭിക്കുന്നതാണ്. വിശദവിവരങ്ങൾ മാഹി കെട്ടിട കെട്ടിടേതര തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും ലഭിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷ ഫോറം ആഗസ്ത് 31 വരെ സ്വീകരിക്കുന്നതാണെന്ന് മാഹി അസി. ലേബർ ഇൻസ്പെക്ടർ അറിയിച്ചു.



ഉമ്മൻ ചാണ്ടിയുടെ ഭൗതിക ശരീരം കാണാൻ റോഡ്സൈഡിൽ തടിച്ചുകൂടിയ ജനം

# പുതുപ്പള്ളിയിലേക്കുള്ള യാത്രയിൽ പ്രിയ നേതാവിനെ അനുഗമിച്ച് ആയിരങ്ങൾ

തിരുവനന്തപുരം: ഉമ്മൻ ചാണ്ടിയുടെ വിലാപ യാത്ര തിരുവനന്തപുരം നഗരാതിർത്തി പിന്നിട്ട് മുന്നോട്ട് നീങ്ങുകയാണ്. പ്രിയ നേതാവിന് അന്ത്യോപചാരം അർപ്പിക്കാൻ ജനസാഗം റോഡിന് ഇരുവശത്തും തിങ്ങി നിറഞ്ഞഅഞതോടെ വിലാപയാത്ര മന്ദഗതിയിലാണ് മുന്നോട്ട് നീങ്ങുന്നത്. വിലാപയാത്ര തിരുവനന്തപുരം നഗരാതിർത്തി പിന്നിട്ടത് മൂന്നര മണിക്കൂർ സമയമെടുത്തതാണ്. റോഡരികിൽ ഇരുവശവും നിരവധി പേരാണ് അന്തിമോപചാരം അർപ്പിക്കാനായി കാത്തുനിൽക്കുന്നത്.

സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും ജോലിക്കാരും റോഡരികിൽ കാണാനായി കൂട്ടം കൂടി നിൽക്കുന്ന കാഴ്ച്ചയാണ് കാണുന്നത്.

എതിർത്തപ്പോഴും യോജിച്ച് നിന്ന് പ്രവർത്തിച്ചപ്പോഴുമൊക്കെ പരസ്പര സ്നേഹത്തോടെയും ബഹുമാനത്തോടെയുമാണ് ഞങ്ങൾ വ്യക്തി ബന്ധങ്ങൾ കാത്തു സൂക്ഷിച്ചതെന്ന് മന്ത്രി വിഎൻ വാസവൻ. നേതൃനിരയിലേക്ക് വന്നപ്പോൾ തികഞ്ഞ ആത്മസംയമനത്തോടെയും സമചിത്തതയോടെയും പ്രശ്നങ്ങളെ സമീപിച്ചിരുന്ന ശൈലിയാണ് ഉമ്മൻചാണ്ടിക്ക് ഉണ്ടായിരുന്നത്. രാഷ്ട്രീയ എതിരാളികളോട് പോലും എല്ലായ്പ്പോഴും സ്നേഹ ബഹുമാനങ്ങളോടെ ഇടപെടുകയും സൗഹൃദങ്ങൾ നിലനിർത്തുകയും ചെയ്തായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെന്നും വിഎൻ വാസവൻ പറഞ്ഞു.

ഉമ്മൻചാണ്ടിയുടെ വിലാപ യാത്രക്കൊപ്പമുള്ള വാഹന വ്യൂഹത്തോടൊപ്പം സർക്കാർ പ്രതിനിധിയായി മന്ത്രി വിഎൻ വാസവനാണ് അനുഗമിക്കുന്നത്.




എൻഡിഎ യോഗത്തിനെത്തിയെ മോദിയെ സ്വീകരിക്കുന്നു

# എൻഡിഎ കൺവൻഷൻ; 38 പാർട്ടികൾ പങ്കെടുക്കുന്നു

രാജ്യത്തിന്റെ മുഴുവൻ ആശയാഭിലാഷങ്ങൾ നിറവേറ്റാൻ പ്രാപ്തിയുള്ള കൂട്ടായ്മയാണ് ദേശീയ ജനാധിപത്യ സഖ്യമെന്നും ദേശീയ താൽപര്യങ്ങൾ സംരക്ഷിക്കാൻ എൻഡിഎയ്ക്കു തുടർഭരണമുണ്ടാകണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 38 പാർട്ടികൾ പങ്കെടുത്ത എൻഡിഎ കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു മോദി. 2024 ൽ വീണ്ടും മോദി സർക്കാർ അധികാരത്തിൽ വരാനുള്ള സാഹചര്യം രാജ്യത്തുണ്ടെന്നും അതു ലക്ഷ്യമിട്ട് ഏകോപനത്തോടെയുള്ള പ്രവർത്തനം നടത്താനും യോഗം തീരുമാനിച്ചു. ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി.നഡ്ഡ, ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

കാലത്തിന്റെ പരീക്ഷണങ്ങൾ അതിജീവിച്ച സഖ്യമാണ് എൻഡിഎ എന്ന് യോഗത്തിനു മുൻപ് മോദി ട്വീറ്റ് ചെയ്തു.

കുടുംബാധിപത്യവും അഴിമതിയും മാത്രം ലക്ഷ്യമിട്ടാണ് പ്രതിപക്ഷ കക്ഷികൾ ഇപ്പോൾ സഖ്യമുണ്ടാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ, എൻസിപി നേതാക്കളായ അജിത് പവാർ, പ്രഫുൽ പട്ടേൽ, എഐഎഡിഎംകെ നേതാവ് എടപ്പാടി പളനിസാമി, മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മ തുടങ്ങിയവർ പങ്കെടുത്തു. കേരളത്തിൽ നിന്ന് ബിഡിജെഎസ്, കാമരാജ് കോൺഗ്രസ് പ്രതിനിധികൾ പങ്കെടുത്തു. ബിജെപിക്കു പുറമേ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 37 പാർട്ടികളാണ് യോഗത്തിൽ പങ്കെടുത്തത്.

നേരത്തേ ബിഹാർ വിഷയത്തിൽ എൻഡിഎ വിട്ട ചിരാഗ് പാസ്വാൻ യോഗത്തിൽ പങ്കെടുത്തു.

# ഔദ്യോഗിക ബഹുമതി വേണ്ടെന്ന് കുടുംബം, വേണമെന്ന നിലപാടിൽ മുഖ്യമന്ത്രി

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സംസ്കാരത്തിന് ഔദ്യോഗിക ബഹുമതികൾ നൽകുന്നതിൽ അന്തിമതീരുമാനമായില്ല. ഔദ്യോഗിക ബഹുമതികൾ ആവശ്യമില്ലെന്ന നിലപാട് ഉമ്മൻ ചാണ്ടി നേരത്തെ കുടുംബത്തെ അറിയിച്ചിരുന്നു. മതപരമായ ചടങ്ങുകൾ മാത്രം മതിയെന്നും ഔദ്യോഗിക ബഹുമതികൾ ഒഴിവാക്കണമെന്നും ഉമ്മൻചാണ്ടിയുടെ ഭാര്യ പൊതുഭരണവകുപ്പിനെ രേഖാമൂലം അറിയിച്ചു.

എന്നാൽ ഉമ്മൻ ചാണ്ടിക്ക് പൂർണ ഔദ്യോഗിക ബഹുമതി നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രിസഭാ യോഗത്തിൽ പറഞ്ഞു. ഇക്കാര്യത്തിൽ കുടുംബത്തിന്റെ അഭിപ്രായം തേടാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ മന്ത്രിസഭായോഗം അഗാധമായ ദുഃഖം രേഖപ്പെടുത്തി.പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിലെ പ്രത്യേക കബറിടത്തിൽ നാളെ 3.30നാണ് സംസ്കാരം. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിക്കും. നാളെ ഉച്ചയ്ക്ക് 12നു പുതുപ്പള്ളിയിലെ വസതിയിൽ ശുശ്രൂഷ. ഒന്നിനു പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിലേക്കു വിലാപയാത്ര. 2 മുതൽ 3.30 വരെ പള്ളിയുടെ വടക്കേ പന്തലിൽ പൊതുദർശനം. 3.30നു സമാപനശുശ്രൂഷ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ നടത്തും. 5ന് അനുശോചന സമ്മേളനം.



കവർച്ച നടന്ന കടകളിലൊന്ന്

# തലശ്ശേരിയിൽ അഞ്ച് കടകളിൽ മോഷണം

തലശ്ശേരി: പുതിയ ബസ്സ്റ്റാന്റ് റെയിൽപാളം പരിസരത്തെ അഞ്ച് കടകളിൽ ഒരേ രീതിയിൽ മോഷണം. പണവും മൊബൈലുകളും ബംപർ ലോട്ടറി ടിക്കറ്റുകളുമാണ് മോഷണം പോയത്. പച്ചക്കറി മാർക്കറ്റിന്റെ റെയിലോരത്തുള്ള നൗഷാദിന്റെ പി.പി.എൽ സ്റ്റോർ, തൊട്ടടുത്തുള്ള രാജേഷിന്റെ പച്ചക്കറിക്കട, ഖാദറുടെ പഴങ്ങൾ സൂക്ഷിക്കുന്ന മുറി, ടി.സി. മുക്കിലെ ജയന്റെ ഫോർ വൺ മൊബൈൽ കട, സമീപത്തെ പ്രകാശന്റെ ബീന ലോട്ടറി സ്റ്റേഷനറി സ്റ്റാൾ എന്നിവിടങ്ങളിലാണ് മോഷണം നടന്നത്.

കടയുടെ മേൽക്കൂര തകർത്താണ് മോഷ്ടാവ് കടക്കുള്ളിൽ കടന്നതെന്ന് പച്ചക്കറി കടയുടമ രാജേഷ് പറഞ്ഞു. കടയ്ക്കുള്ളിൽ സ്ഥാപിച്ച സി.സി.ടി.വി ക്യാമറ മോഷ്ടാക്കൾ എടുത്ത് കൊണ്ട് പോയി. സമീപത്തെ മറ്റ് രണ്ട് കടകളിലും മോഷ്ടാക്കൾ കയറിയിട്ടുണ്ട്.പച്ചക്കറി, മുട്ടക്കടകളിൽ മുകളിലെ ആസ്ബസ്റ്റോസ് ഷീറ്റുകൾ തകർത്തും മൊബൈൽ ഷോപ്പിൽ മുകളിലെ ഓടുകൾ ഇളക്കി മാറ്റിയുമാണ് കള്ളൻ കയറിയത്. പി.പി.എൽ സ്റ്റോറിൽ സൂക്ഷിച്ച 15,000 രൂപ കാണാനില്ല. മോഷണസമയം ശക്തമായ മഴ പെയ്തതിനാൽ അകത്തെ പാക്കിംഗ് സാധനങ്ങൾ ഉൾപെടെ നശിച്ചു. ടി.സി മുക്കിലെ മൊബൈൽ ഷോപ്പിൽ നിന്നും വിൽപനക്ക് വച്ചതും റിപ്പയർ ചെയ്തതും റിപ്പയറിങ്ങിനായി സൂക്ഷിച്ചതുമായ മൊബൈൽ ഫോണുകളും ഹെഡ്സെറ്റുകൾ, ചാർജറുകൾ ഉൾപെടെ നഷ്ടപ്പെട്ടു . ഏതാണ്ട് 19000 രൂപയുടെ സാധനങ്ങൾ മോഷണം പോയിട്ടുണ്ട്.

# ലോക പാസ്പോർട്ട് റാങ്കിംഗ്; സിംഗപ്പൂർ ഒന്നാമത്

ഹെൻലി പാസ്പോർട്ട് ഇൻഡക്സ് പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റാങ്കിംഗിൽ ഇന്ത്യയ്ക്ക് മുന്നേറ്റം. 2022-നെ അപേക്ഷിച്ച് അഞ്ച് സ്ഥാനങ്ങൾ കയറി 80-ാം സ്ഥാനത്താണ് ഇന്ത്യൻ പാസ്പോർട്ട് എത്തിയിരിക്കുന്നത്. ഇന്ത്യൻ പാസ്സ്പോർട്ട് ഉപയോഗിച്ച് വിസയില്ലാതെ 57 സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യാം. ടോഗോ, സെനഗൽ തുടങ്ങിയ രാജ്യങ്ങളുമായാണ് ഇന്ത്യ 80-ാം സ്ഥാനം പങ്കിടുന്നത്.

192 സ്ഥലങ്ങളിലേക്ക് വിസ രഹിത പ്രവേശനം അനുവദിച്ചുകൊണ്ട് സിംഗപ്പൂർ ലോകത്തിലെ ഏറ്റവും ശക്തമായ പാസ്പോർട്ടായി മാറി. ജർമ്മനി, ഇറ്റലി, സ്പെയിൻ എന്നിവ രണ്ടാം സ്ഥാനത്താണ്, അവരുടെ പൗരന്മാർക്ക് 190 ആഗോള ലക്ഷ്യസ്ഥാനങ്ങൾ സന്ദർശിക്കാൻ കഴിയും.

കഴിഞ്ഞ വർഷം പട്ടികയിൽ ഒന്നാം സ്ഥാനത്തായിരുന്ന ജപ്പാൻ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2022-ൽ 193 സ്ഥലങ്ങളിലേക്ക് വിസ രഹിത പ്രവേശനം അനുവദിക്കുന്ന പാസ്പോർട്ട് 189 ലക്ഷ്യസ്ഥാനങ്ങളിലേക്ക് കുറഞ്ഞു. ഓസ്ട്രിയ, ഫിൻലാൻഡ്, ഫ്രാൻസ്, ലക്സംബർഗ് എന്നിവയാണ് ജപ്പാനൊപ്പം മൂന്നാം സ്ഥാനത്തെത്തിയ മറ്റ് പാസ്പോർട്ടുകൾ. ആറ് വർഷത്തെ തകർച്ചയ്ക്ക് ശേഷം യുകെ രണ്ട് സ്ഥാനങ്ങൾ ഉയർന്ന് നാലാം സ്ഥാനത്തെത്തി. അഫ്ഗാനിസ്ഥാനാണ് പട്ടികയിൽ ഏറ്റവും അവസാന സ്ഥാനത്തുള്ളത്.

## ബംഗാൾ തദ്ദേശ തെരഞ്ഞെടുപ്പ്: രാജർഹാട്ട് മണ്ഡലത്തിൽ വോട്ടർമാർ ബഹിഷ്കരിച്ചിട്ടും പോളിങ് 95%,

# അന്വേഷണത്തിന് ഉത്തരവിട്ട് കൊൽക്കത്ത ഹൈക്കോടതി

കൊൽക്കത്ത: വെസ്റ്റ് ബംഗാളിലെ തദ്ദേശ തെരഞ്ഞെടുപ്പിൽ നടന്ന വോട്ടിങ്ങിൽ പോളിങ് ശതമാനം ഉയർന്നതിൽ അന്വേഷണത്തിന് ഉത്തരവിട്ട് കൊൽക്കത്ത ഹൈക്കോടതി. ത്രിതല പഞ്ചായത്തിലേക്ക് ജൂലൈ എട്ടിന് നടന്ന വോട്ടെടുപ്പ് രാജർഹട്ടിലെ ജംഗ്ര ഹതിയാര രണ്ടാം നമ്പർ പഞ്ചായത്ത് ബൂത്തിലെ നിരവധി വോട്ടർമാർ ബഹിഷ്കരിച്ചിരുന്നു. എന്നിട്ടും ബൂത്തിലെ പോളിങ് ശതമാനം 95 ശതമാനം ആയതാണ് സംശയങ്ങൾക്ക് ഇടയാക്കിയത്. മുൻ മന്ത്രി ഗൗതം ദേവിന്റെ മകൻ സപ്തർഷി ദേവ് നൽകിയ പരാതിയെ തുടർന്നാണ് കോടതിയുടെ ഇടപെടൽ.

തെരഞ്ഞെടുപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മിഷന് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിലും നടപടി ഒന്നും എടുത്തിരുന്നില്ല, തുടർന്നാണ് കോടതിയുടെ ഇടപെടൽ. ഹർജിക്കാരുടെ ആരോപണത്തിൽ അന്വേഷണം നടത്താനും ഓഗസ്റ്റ് മൂന്നിന് അടുത്ത വാദം കേൾക്കുമ്പോൾ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കാനും ജസ്റ്റിസ് സിൻഹ അധികൃതരോട് ആവശ്യപ്പെട്ടു. സപ്തർഷി ദേവ് നൽകിയ പരാതിയെ തുടർന്നാണ് കൽക്കട്ട ഹൈക്കോടതി അന്വേഷണത്തിന് ഉത്തരവിട്ടത്. വിഷയത്തിൽ വിശദമായ അന്വേഷണം നടത്താൻ ഡയറക്ടർ ജനറലിനോടും ഇൻസ്പെക്ടർ ജനറലിനോടും ജസ്റ്റിസ് അമൃത സിൻഹ ആവശ്യപ്പെട്ടിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് രാജർഹട്ടിലെ



ബ്ലോക്ക് ഡെവലപ്മെന്റ് ഓഫിസർക്കും സമൻസ് അയച്ചിട്ടുണ്ട്.

വോട്ടെടുപ്പ് ദിവസം സംസ്ഥാനത്ത് പലയിടത്തുമായി നടന്ന ആക്രമണങ്ങളിൽ ഇരുപതിലധികം പേരാണ് കൊല്ലപ്പെട്ടത്. പലയിടത്തും ബാലറ്റ് പെട്ടികൾ നശിപ്പിക്കുകയും ബോംബേറുകൾ ഉണ്ടാകുകയും ചെയ്തിരുന്നു. അക്രമങ്ങൾ മൂലം പലയിടങ്ങളിലും വോട്ടെടുപ്പ് തടസപ്പെട്ടിരുന്നു. തുടർന്ന് ജൂലൈ പത്തിന് 697 ബൂത്തുകളിൽ റീപോളിങ്ങും നടന്നു.

ലോക്സഭാ തിരഞ്ഞെടുപ്പ് പടിവാതിക്കൽ എത്തിനിൽക്കെ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ്, ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസിനെന്നപോലെ പ്രതിപക്ഷമായ ബി.ജെ.പിക്കും നിർണായകമായിരുന്നു. അതിനാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പരമാവധി നേട്ടം കൊയ്യാൻ എല്ലാ പാർട്ടികളും കിണഞ്ഞ് പരിശ്രമിച്ചിരുന്നു.

എന്നാൽ തൃണമൂലിന് ക്ഷതമേൽപിക്കാൻ ബി.ജെ.പിക്കോ മറ്റ് പാർട്ടികൾക്കോ സാധിച്ചിട്ടില്ല. 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 47.8 ശതമാനമായിരുന്ന വോട്ടുവിഹിതം 51.14 ശതമാനമായി ഉയർത്താൻ സാധിച്ചത് തൃണമൂലിന് വലിയ ആത്മവിശ്വാസമാണ് നൽകിയിരിക്കുന്നത്.

# ബെംഗളുരുവിൽ പിടിയിലായത് തടിയൻറവിട നസീറിൻറെ അനുയായികളെന്ന് പൊലിസ്

ബെംഗളുരു: ബെംഗളുരുവിൽ സ്ഫോടനം നടത്താൻ പദ്ധതിയിട്ട തീവ്രവാദസംഘത്തിനെ നിയന്ത്രിച്ചിരുന്നത് തടിയൻറവിട നസീറാണെന്ന് പൊലീസ്, കർണാടക സ്വദേശികളായ അഞ്ച് പേരാണ് ഇന്ന് ബെംഗളൂരുവിൽ അറസ്റ്റിലായത്. സയ്യിദ് സുഹൈൽ, ഉമർ, ജാനിദ്, മുഹ്താസിർ, സാഹിദ് എന്നിവരെയാണ് ഹെബ്ബാളിനടുത്തുള്ള സുൽത്താൻപാളയയിലെ ഒരു വീട്ടിൽ നിന്ന് ഇന്ന് പുലർച്ചെ സെൻട്രൽ ക്രൈം ബ്രാഞ്ച് സംഘം അറസ്റ്റ് ചെയ്തത്. ബെംഗളുരു സെൻട്രൽ ജയിലിൽ വച്ച് ഇവരെ തീവ്രവാദപ്രവർത്തനത്തിന് പ്രേരിപ്പിച്ചത് തടിയൻറവിട നസീറാണെന്നും, ആക്രമണത്തിൻറെ പദ്ധതിയുടെ സൂത്രധാരൻ നസീറായിരുന്നെന്നുമാണ് പൊലീസ് വ്യക്തമാക്കുന്നത്.



10 പേരടങ്ങുന്ന ഭീകരസംഘമാണ് സ്ഫോടനത്തിന് പദ്ധതിയിട്ടതെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്. ഒളിവിലുള്ള അഞ്ച് പേർക്കായുള്ള അന്വേഷണം തുടരുകയാണെന്ന് ബെംഗളുരു സിറ്റി പൊലീസ് കമ്മീഷണർ ബി ദയാനന്ദ് വ്യക്തമാക്കി. ബെംഗളുരുവിൽ വൻ സ്ഫോടനം നടത്താനായിരുന്നു ഇവരുടെ പദ്ധതിയെന്ന് സെൻട്രൽ ക്രൈം ബ്രാഞ്ച് പറയുന്നു. ഇവർക്ക് ലഷ്കർ ഇ ത്വയ്യിബ ഭീകരരുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയതായും സിസിബി വ്യക്തമാക്കുന്നു. വൻ ആയുധ ശേഖരമാണ് ഇവരിൽ നിന്ന് പൊലീസ് പിടിച്ചെടുത്തത്.

ഏഴ് നാടൻ തോക്കുകൾ, 45 ഉണ്ടകൾ, കത്തികൾ, വാക്കി ടോക്കി സെറ്റുകൾ, 12 മൊബൈലുകൾ, നിരവധി സിം കാർഡുകൾ എന്നിവ പിടിച്ചെടുത്തു. ഈ പ്രതികളെല്ലാം 2017-ൽ ഒരു കൊലക്കേസുമായി ബന്ധപ്പെട്ട് ബെംഗളുരു ജയിലിലായിരുന്നു. ഇപ്പോഴും ബെംഗളുരു സെൻട്രൽ ജയിലിലുള്ള തടിയൻറവിട നസീറാണ് ഇവരെ തീവ്രവാദ പ്രവർത്തനത്തിലേക്ക് കൊണ്ടു വരുന്നത്. കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതികൾ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഭീകരാക്രമണങ്ങൾക്ക് പദ്ധതിയിട്ട് വരികയായിരുന്നുവെന്നും, ഇതിൻറെ ഭാഗമായാണ് ആയുധങ്ങളും സ്ഫോടകവസ്തുക്കളും അടക്കം ശേഖരിച്ച് തുടങ്ങിയതെന്നും പൊലീസ് വ്യക്തമാക്കുന്നുണ്ട്.




# പ്രതിപക്ഷ യോഗത്തിലേക്ക് ക്ഷണിക്കാത്തതിനെ വിമർശിച്ച് എ. ഐ. എം. ഐ. എം

മുംബൈ: ബംഗളൂരുവിൽ നടന്ന രണ്ടു ദിവസത്തെ വിശാല പ്രതിപക്ഷ യോഗത്തിലേക്ക് ക്ഷണിക്കാത്തതിനെ വിമർശിച്ച് ആൾ ഇന്ത്യ മജ്ലിസെ ഇത്തിഹാദുൽ മുസ്ലിമീൻ (എ.ഐ.എം.ഐ.എം). 'സോ കോൾഡ്' മതേതര പാർട്ടികൾ തങ്ങളെ രാഷ്ട്രീയ അസ്പൃശ്യരായാണ് കണുന്നതെന്ന് എ.ഐ.എം.ഐ.എം നേതാവും ദേശീയ വക്താവുമായ വാരിസ് പത്താൻ വിമർശിച്ചു.അസദുദ്ദീൻ ഉവൈസിയുടെ പാർട്ടിയെ എങ്ങനെ അവഗണിക്കാനാകുമെന്നും അദ്ദേഹം ചോദിച്ചു. 'സോ കോൾഡ് മതേതര പാർട്ടികൾ ഞങ്ങളെ വിളിച്ചില്ല, അവർക്ക് ഞങ്ങൾ രാഷ്ട്രീയ അസ്പൃശ്യരാണ്. ഒരിക്കൽ ബി.ജെ.പിയോടൊപ്പം സഹകരിച്ചിരുന്ന നിതീഷ് കുമാർ, ഉദ്ധവ് താക്കറെ, മെഹബൂബ മുഫ്തി ഉൾപ്പെടെയുള്ള നേതാക്കൾ അവിടെയുണ്ട്. ഗുജറാത്ത് നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെ അരവിന്ദ് കെജ്രിവാൾ അധിക്ഷേപിക്കുന്നത് നമ്മൾ കണ്ടു, പക്ഷേ അദ്ദേഹവും ബംഗളൂരു യോഗത്തിൽ പങ്കെടുത്തു. ഞങ്ങളും (എ.ഐ.എം.ഐ.എം) 2024ൽ ബി.ജെ.പിയെ പരാജയപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും പ്രതിപക്ഷം അസദുദ്ദീൻ ഉവൈസിയെയും പാർട്ടിയെയും അവഗണിക്കുകയാണ്' -വാരിസ് പത്താൻ പറഞ്ഞു.

# ഓസ്ട്രേലിയൻ തീരത്തെ അജ്ഞാത വസ്തു; ഇന്ത്യൻ റോക്കറ്റ് ഭാഗമാണെന്ന് പറയാനാവില്ലെന്ന് ഐഎസ്ആർഒ

ചെന്നൈ: ഓസ്ട്രേലിയയിൽ കടൽത്തീരത്ത് എത്തിയ കൂറ്റൻ ലോഹ വസ്തു തങ്ങളുടെ പോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ (പിഎസ്എൽവി) റോക്കറ്റിന്റെ ഭാഗമാണോ എന്ന് സ്ഥിരീകരിക്കാനോ നിഷേധിക്കാനോ സാധിക്കില്ലെന്ന് ഐഎസ്ആർഒ.

വസ്തു നേരിട്ട് കാണാതെയും പരിശോധിക്കാതെയും ഞങ്ങൾക്ക് അതിനെ കുറിച്ച് ഒന്നും സ്ഥിരീകരിക്കാനോ നിഷേധിക്കാനോ കഴിയില്ല. ആദ്യം ഓസ്ട്രേലിയൻ ബഹിരാകാശ ഏജൻസി വസ്തുവിന്റെ വീഡിയോ അയയ്ക്കണം. അതിൽ എന്തെങ്കിലും അടയാളങ്ങളുണ്ടോ എന്ന് നോക്കണം. അവർ വസ്തു മറ്റൊരു സ്ഥലത്തേക്ക് മാറ്റേണ്ടതുണ്ട്. ആവശ്യമെങ്കിൽ, ഇത് ഇന്ത്യൻ



ഓസ്ട്രേലിയയിൽ കടൽത്തീരത്തടിഞ്ഞ കൂറ്റൻ ലോഹ വസ്തു

റോക്കറ്റിന്റേതാണോ എന്ന് സ്ഥിരീകരിക്കാൻ ഐഎസ്ആർഒ ഉദ്യോഗസ്ഥർക്ക് അവിടെ പോകാം, "ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ (ഐഎസ്ആർഒ) മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.

ഓസ്ട്രേലിയൻ കടൽത്തീരത്തടിഞ്ഞ വസ്തു ഇന്ത്യൻ ബഹിരാകാശ റോക്കറ്റിന്റെ ഭാഗമാണെന്ന അഭ്യൂഹങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓസ്ട്രേലിയൻ ബഹിരാകാശ ഏജൻസി ഇന്ത്യൻ ബഹിരാകാശ ഏജൻസിയെ സമീപിച്ചിട്ടുണ്ടെന്നും ഐഎസ്ആർഒ ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു.

നിലവിൽ വെസ്റ്റേൺ ഓസ്ട്രേലിയയിലെ ജൂറിയൻ ബേയ്ക്കടുത്തുള്ള ബീച്ചിൽ സ്ഥിതി ചെയ്യുന്ന ഈ വസ്തുവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിവരികയാണ് ഞങ്ങൾ.

ഈ വസ്തു ഒരു വിദേശ ബഹിരാകാശ വിക്ഷേപണ വാഹനത്തിൽ നിന്നാകാം, കൂടുതൽ വിവരങ്ങൾ നൽകാൻ കഴിയുന്നവരുമായി ഞങ്ങൾ ബന്ധപ്പെടുന്നുണ്ട്" ഓസ്ട്രേലിയൻ ബഹിരാകാശ ഏജൻസി ട്വീറ്റ് ചെയ്തു.

# മണിക്കൂറിൽ 565 കിലോമീറ്റർ വേഗത്തിലൊരു സ്മാഷ് ഗിന്നസ് ബുക്കിലിടം നേടി സാത്വിക് സായ്രാജ്



ന്യൂഡൽഹി: ഗിന്നസ് ലോകറെക്കോഡ് സ്വന്തമാക്കി ഇന്ത്യൻ ബാഡ്മിന്റൺ താരം സാത്വിക് സായ്രാജ് റങ്കിറെഡ്ഡി. ലോകത്തിൽ ഏറ്റവും വേഗത്തിൽ സ്മാഷ് ചെയ്ത പുരുഷ ബാഡ്മിന്റൺ താരം എന്ന റെക്കോഡാണ് സാത്വിക് സ്വന്തമാക്കിയത്. മണിക്കൂറിൽ 565 കിലോമീറ്റർ വേഗത്തിലാണ് സാത്വിക് സ്മാഷ് ചെയ്തത്.

10 വർഷം പഴക്കമുള്ള റെക്കോഡാണ് സാത്വിക് തകർത്തത്. 2013ൽ മലേഷ്യയുടെ ടാൻ ബൂൻ ഹിയോങ്ങിന്റെ പേരിലുള്ള മണിക്കൂറിൽ 493 കിലോമീറ്റർ വേഗതയിലുള്ള സ്മാഷിന്റെ റെക്കോഡാണ് പഴങ്കഥയായത്. ചിരാഗ് ഷെട്ടിയ്ക്കൊപ്പം പുരുഷ ഡബിൾസിൽ ഇന്ത്യയ്ക്ക് വേണ്ടി നിരവധി കിരീടങ്ങൾ നേടിയ താരമാണ് സാത്വിക്.

വനിതാതാരങ്ങളിൽ ഏറ്റവും വേഗത്തിൽ സ്മാഷ് ചെയ്തതിന്റെ റെക്കോഡ് മലേഷ്യയുടെ ടാൻ പേളിയുടെ പേരിലാണ്. മണിക്കൂറിൽ 438 കിലോമീറ്റർ വേഗതയിലാണ് താരത്തിന്റെ സ്മാഷ് പിറന്നത്. സ്പോർട്സ് കമ്പനിയായ യോനക്സാണ് ഈ വാർത്ത പുറത്തുവിട്ടത്.

'ഇന്ത്യയുടെ സാത്വിക് സായ്രാജും മലേഷ്യയുടെ ടാൻ പേളിയും പുതിയ ഗിന്നസ് ലോക റെക്കോഡ് സ്ഥാപിച്ച വിവരം അഭിമാനത്തോടെ അറിയിക്കുന്നു.' യോനക്സ് കുറിച്ചു.

# കാൽപ്പന്താരവം; വനിതാ ഫുട്ബോൾ ലോകകപ്പിന് നാളെ തുടക്കം




വനിതാ ഫുട്ബോൾ ലോകകപ്പിന് നാളെ തുടക്കം. ഓസ്ട്രേലിയയും ന്യൂസിലൻഡുമാണ് ആതിഥേയർ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12.30ന് നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ന്യൂസിലൻഡ് നോർവേയെ നേരിടും.

വൈകീട്ട് 3.30ന് ഓസ്ട്രേലിയ-അയർലൻഡ് മത്സരവും നടക്കും. ആദ്യമായാണ് ഓസ്ട്രേലിയയും ന്യൂസീലൻഡും വനിതാ ലോകകപ്പ് ഫുട്ബോളിന് ആതിഥേയത്വം വഹിക്കുന്നത്. 10 വേദികളിലായി നടക്കുന്ന മത്സരത്തിന്റെ ഫൈനൽ ഓഗസ്റ്റ് 20ന് സിഡ്നിയിലെ ഒളിമ്പിക് പാർക്കിൽ നടക്കും.

'ടസുനി' എന്ന പെൻഗ്വിനാണ് ലോകകപ്പിന്റെ ഔദ്യോഗിക ചിഹ്നം. ഓസ്ട്രേലിയ-ന്യൂസീലൻഡ് രാജ്യങ്ങൾക്കിടയിലുള്ള ടാസ്മൻ കടലിന്റെ പേരിൽ നിന്നാണ് ടസുനിക്ക് പേരുകിട്ടിയത്. 32 ടീമുകളാണ് മത്സരത്തിന് ഒരുങ്ങുന്നത്. നാല് കിരീടങ്ങൾ സ്വന്തമാക്കിയ യുഎസ് ആണ് നിലവിലെ ചാമ്പ്യന്മാർ. 1991, 1999, 2015, 2019 എന്നീ വർഷങ്ങളിലാണ് യുഎസ് കപ്പ് നേടിയത്.

ഗ്രൂപ്പ് ഇയിൽ നെതർലൻഡ്സ്, പോർച്ചുഗൽ, വിയറ്റ്നാം എന്നിവരാണ് യുഎസ്സിന്റെ എതിരാളികൾ. ഫിഫാ റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്താണെന്നതും ടീമിന്റെ ആത്മവിശ്വാസം കൂട്ടും. 22-കാരിയായ മുന്നേറ്റതാരം സോഫിയ സ്മിത്താണ് യുഎസ് കരുത്ത്. ജർമനി, സ്വീഡൻ, ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയിൻ എന്നിവരാണ് ലോകകപ്പിൽ പ്രധാന ടീമുകൾ. ജർമനി രണ്ടു തവണയും നോർവേയും ജപ്പാനും ഓരോ തവണയും ലോകകപ്പ് കിരീടമണിഞ്ഞു.

എന്നാൽ പുരുഷ ഫുട്ബോളിൽ മികച്ചു നിൽക്കുന്ന അർജന്റീനയ്ക്കും ബ്രസീലിനും വനിതാ ഫുട്ബോളിൽ കാര്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ബ്രസീൽ 2007-ൽ രണ്ടാം സ്ഥാനത്തും 1999-ൽ മൂന്നാമതുമെത്തിയിട്ടുണ്ട്. ബ്രസീലിന്റെ സൂപ്പർതാരം മാർത്ത ഇക്കുറിയും ലോകകപ്പ് കളിക്കും. ആറാം തവണയാണ് മാർത്ത ലോകകപ്പിന് ബ്രസീലിന്റെ ജേഴ്സിയണിയുന്നത്.

37കാരിയായ താരം ഇത്തവണ കൂടിയെ ലോകകപ്പ് കളിക്കൂ എന്ന് അറിയിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും മികച്ച വനിതാ ഫുട്ബോൾ താരങ്ങളിലൊരാളാണ് മാർത്ത. ലോകകപ്പിൽ ഇതുവരെ 17 ഗോളടിച്ചു. 24ന് പാനമയുമായാണ് ബ്രസീലിന്റെ ആദ്യ കളി.



ബജ്റംഗ് പൂനിയയും വിനേഷ് ഫോഗട്ടിനും

# ഏഷ്യൻ ഗെയിംസിലേക്ക് നേരിട്ട് യോഗ്യതനേടി ബജ്റംഗ് പൂനിയയും വിനേഷ് ഫോഗട്ടിനും

ന്യൂഡൽഹി: ഗുസ്തി താരങ്ങളായ ബജ്റംഗ് പൂനിയയ്ക്കും വിനേഷ് ഫോഗട്ടിനും വരാനിരിക്കുന്ന ഏഷ്യൻ ഗെയിംസിലേക്ക് നേരിട്ട് യോഗ്യത നൽകി ഇന്ത്യൻ ഗുസ്തി ഫെഡറേഷൻ (ഡബ്ല്യുഎഫ്ഐ). ഫെഡറേഷന്റെ അഡ്ഹോക്ക് പാനലാണ് ഇക്കാര്യം അറിയിച്ചത്.

ദേശീയ ടീമിന്റെ പരിശീലകരോട് അനുവാദം ചോദിക്കാതെയാണ് അഡ്ഹോക്ക് കമ്മിറ്റി തീരുമാനമെടുത്തത്. ഇത് പരിശീലകർക്കിടയിൽ വലിയ പ്രതിഷേധത്തിന് വഴിവെച്ചിട്ടുണ്ട്. ബജ്റംഗ് പുരുഷന്മാരുടെ 65 കിലോ വിഭാഗത്തിലും വിനേഷ് വനിതകളുടെ 53 കിലോ വിഭാഗത്തിലും മത്സരിക്കും.

രണ്ട് താരങ്ങളെയും സെലക്ഷൻ ട്രയലിൽ നിന്നൊഴിവാക്കിയതായി പാനൽ അംഗമായ അശോക് ഗാർഗ് പറഞ്ഞതായി പി.ടി.ഐ. റിപ്പോർട്ട് ചെയ്തു. സെലക്ഷൻ ട്രയൽ ജൂലായ് 22 നാണ് ആരംഭിക്കുന്നത്. ദേശീയ ഗുസ്തി ഫെഡറേഷൻ മുൻ അധ്യക്ഷനായ ബ്രിജ് ഭൂഷണെ അറസ്റ്റുചെയ്യണമെന്ന ആവശ്യം മുൻനിർത്തി സമരം ചെയ്ത ഗുസ്തി താരങ്ങളിൽ മുന്നിൽ നിന്നവരാണ് ബജ്റംഗും വിനേഷ് ഫോഗട്ടും. ഇന്ത്യയ്ക്ക് വേണ്ടി ഒളിമ്പിക്സ് മെഡൽ നേടിയ താരം കൂടിയാണ് ബജ്റംഗ്.

വിനേഷ് ഫോഗട്ട് 2018 ഏഷ്യൻ ഗെയിംസിൽ 53 കിലോ വിഭാഗത്തിൽ സ്വർണം നേടിയിരുന്നു. നിലവിൽ ഹംഗറിയിലെ ബുഡാപെസ്റ്റിൽ പരിശീലനം നടത്തുകയാണ് ഫോഗട്ട്. ഇരുവരെയും ട്രയൽസിൽ നിന്നൊഴിവാക്കിയത് സഹതാരങ്ങളിലും ചെറിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.



ഇന്റർ മയാമി താരങ്ങൾക്കൊപ്പം പരിശീലനത്തിനിറങ്ങിയ മെസി

# മെസ്സി മയാമി താരങ്ങൾക്കൊപ്പം ആദ്യമായി പരിശീലനത്തിനിറങ്ങി

ഫ്ലോറിഡ: ഇതിഹാസ താരം ലയണൽ മെസ്സി ഇന്റർ മയാമി ക്ലബിലെ സഹതാരങ്ങൾക്കൊപ്പം ആദ്യമായി പരിശീലനത്തിനിറങ്ങി. അമേരിക്കൻ മേജർ ലീഗിലെ ഇന്റർ മയാമി തിങ്കളാഴ്ചയാണ് മെസ്സിയെ ക്ലബിന്റെ പുതിയ താരമായി അവതരിപ്പിച്ചത്.പിന്നാലെയാണ് സഹ താരങ്ങൾക്കൊപ്പം മെസ്സി ഫ്ലോറിഡയിലെ ഫോർട്ട് ലോഡർഡേലുള്ള ക്ലബിന്റെ പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിനിറങ്ങിയത്. 21നാണ് മെസ്സിയുടെ അരങ്ങേറ്റ മത്സരം. ലീഗ്സ് കപ്പിൽ മെക്സിക്കൻ ക്ലബ് ക്രൂസ് അസൂളുമായാണ് മത്സരം. ബാഴ്സയിൽ സഹതാരമായിരുന്ന സെർജിയോ ബുസ്കെറ്റ്സും പരിശീനത്തിൽ പങ്കെടുത്തു. താരത്തിന്റെ ഇഷ്ടനമ്പറായ പത്താം നമ്പർ ജഴ്സിയാണ് മെസ്സിക്ക് ക്ലബ് സമ്മാനിച്ചത്. പരിശീലനത്തിനിടെ ക്ലബിലെ വെനസ്വേലൻ താരമായ ജോസഫ് മാർട്ടിനെസുമായി ചിരിച്ചുകൊണ്ട് മെസ്സി സൗഹൃദം പങ്കിടുന്നതിന്റെ ചിത്രങ്ങൾ പുറത്തുവന്നിട്ടുണ്ട്. മേജർ ലീഗ് സോക്കറിൽ തുടർച്ചയായി 11 മത്സരങ്ങളിൽ ജയിക്കാനാവാതെ പോയന്റ് പട്ടികയിൽ താഴെ കിടക്കുന്ന ടീമാണ് ഇന്റർ മിയാമി.മെസ്സിയുടെ വരവ് ടീമിനെ ഉയിർത്തെഴുന്നേല്പിക്കുമെന്നാണ് ആരാധകരുടെ പ്രതീക്ഷ. രണ്ടര വർഷത്തേക്കാണ് മെസ്സി ക്ലബുമായി കരാറിലെത്തിയത്. ഏകദേശം ആറു കോടി യു.എസ് ഡോളർ (492 കോടി രൂപ) ആയിരിക്കും വാർഷിക പ്രതിഫലമെന്നാണ് സൂചന.

# ഐ.സി.സി വരുമാനത്തിൻറെ 38.5 ശതമാനവും ബി.സി.സി.ഐക്ക് പാകിസ്താന് 5.75 ശതമാനം

മുംബൈ: അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിൻറെ വരുമാനത്തിൽ മൂന്നിൽ ഒന്നിലധികവും ലഭിക്കുക ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിന് (ബി.സി.സി.ഐക്ക്). 2024-2027 കാലഘട്ടത്തിൽ ഐ.സി.സിയുടെ വരുമാനത്തിൽനിന്ന് മറ്റ് രാജ്യങ്ങൾക്ക് നൽകുന്ന വരുമാന വിഹിതത്തിന്റെ കണക്കാണ് പുറത്തുവന്നത്.

ഈ കാലയളവിൽ അസോസിയേറ്റ് രാജ്യങ്ങൾക്കായി ഏകദേശം 4925 കോടി രൂപയാണ് ഐ.സി.സി നൽകുക. വരുമാനത്തിന്റെ 38.5 ശതമാനമായ ഏകദേശം 1888 കോടി രൂപയാണ് ഇന്ത്യക്ക് ലഭിക്കുക. എന്നാൽ പാകിസ്താൻ ക്രിക്കറ്റ് ബോർഡിന് 5.75 ശതമാനം മാത്രമാണ് ലഭിക്കുക. ഏകദേശം 283 കോടി. ഏറ്റവും അധികം വിഹിതം ലഭിക്കുന്നവരിൽ നാലാം സ്ഥാനത്താണ് പാകിസ്താൻ. ഇംഗ്ലണ്ട് ക്രിക്കറ്റ് ബോർഡിന് 6.89 ശതമാനവും ആസ്ട്രേലിയക്ക് 6.25 ശതമാനവുമാണ് ലഭിക്കുക.

വരുമാനം പങ്കുവെക്കുന്നതിലെ നിലവിലെ മാനദണ്ഡത്തിൽ പാകിസ്താൻ വിയോജിപ്പ് പ്രകടിപ്പിച്ചെങ്കിലും ഫലമുണ്ടായില്ല. അതേസമയം കഴിഞ്ഞ തവണ ലഭിച്ചതിൻറെ ഇരട്ടിയാണ് ഇത്തവണ പാകിസ്താന് ലഭിക്കുന്നത്.

# മേജർ സോക്കർ ലീഗിനേക്കാൾ മികച്ചതാണ് സൗദി ലീഗ് ക്രിസ്റ്റ്യാനോ റൊണാൾഡോ



റിയാദ്: ലയണൽ മെസ്സി അരങ്ങേറ്റം കുറിക്കാനൊരുങ്ങുന്ന അമേരിക്കയിലെ മേജർ സോക്കർ ലീഗിനേക്കാൾ മികച്ച ഫുട്ബോൾ ലീഗാണ് സൗദി ലീഗെന്ന് സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ. സൗദി ലീഗിൽ അൽ നസ്ർ ക്ലബ്ബിനുവേണ്ടിയാണ് റൊണാൾഡോ ബൂട്ടുകെട്ടുന്നത്.

കഴിഞ്ഞ സീസണിലാണ് മാഞ്ചെസ്റ്റർ യുണൈറ്റഡ് വിട്ട് റൊണാൾഡോ സൗദിയിലേക്ക് ചേക്കേറിയത്. കഴിഞ്ഞ സീസണിൽ പി.എസ്.ജിയിൽ കളിച്ച മെസ്സി പുതിയ സീസണിൽ മേജർ സോക്കർ ലീഗ് ക്ലബ്ബായ ഇന്റർ മിയാമിയുമായി കരാറിലൊപ്പുവെച്ചതിനുപിന്നാലെയാണ് റൊണാൾഡോ അഭിപ്രായവുമായി രംഗത്തെത്തിയത്. സൗദിയിൽ നിന്നുള്ള വമ്പൻ ഓഫർ നിരസിച്ചാണ് മെസ്സി ഇന്റർ മിയാമിയിലേക്ക് ചേക്കേറിയത്.

'എം.എൽ.എസ്സിനേക്കാൾ മികച്ച ലീഗാണ് സൗദിയുടേത്. ഒരേയൊരു വർഷം കൊണ്ട് ലോകോത്തര താരങ്ങളാണ് സൗദി ലീഗിലെത്തിയത്. ഒരു വർഷം കൊണ്ടുതന്നെ ടർക്കിഷ് ലീഗിനേക്കാളും ഡച്ച് ലീഗിനേക്കാളും മുകളിലെത്താൻ സൗദി ലീഗിന് സാധിച്ചു', റൊണാൾഡോ വ്യക്തമാക്കി.

ലാ ലിഗ ക്ലബ്ബായ സെൽറ്റ വിഗോയ്ക്കെതിരായ സൗഹൃദ മത്സരത്തിനുശേഷമാണ് റൊണാൾഡോ അഭിപ്രായവുമായി രംഗത്തെത്തിയത്. മത്സരത്തിൽ അൽ നസ്ർഎതിരില്ലാത്ത അഞ്ചുഗോളുകൾക്ക് പരാജയപ്പെട്ടു.

ഇനി യൂറോപ്യൻ ഫുട്ബോളിലേക്ക് തിരിച്ചുവരില്ലെന്നും റൊണാൾഡോ വ്യക്തമാക്കി. അടുത്ത സൗഹൃദ മത്സരത്തിൽ ബെൻഫിക്കയാണ് അൽ നസ്റിന്റെ എതിരാളികൾ. സെൽറ്റ വിഗോയ്ക്കെതിരേ 45 മിനിറ്റോളം റൊണാൾഡോ ഗ്രൗണ്ടിലിറങ്ങി.

പോർച്ചുഗലിലാണ് മത്സരം നടന്നത്. ബെൻഫിക്കയ്ക്കെതിരായ മത്സരത്തിനുശേഷം ഫ്രഞ്ച് ചാമ്പ്യന്മാരായ പി.എസ്.ജിയാണ് അൽ നസ്റിന്റെ എതിരാളി.

# ഫൈനലിനിടെ റാക്കറ്റ് അടിച്ചുതകർത്തു, ജോക്കോവിച്ചിന് കടുത്ത ശിക്ഷ



ലണ്ടൻ: 24ാം ഗ്രാൻഡ്സ്ലാം കിരീടം മോഹിച്ച് വിംബിൾഡൺ ഫൈനൽ കളിക്കാനിറങ്ങിയ ടെന്നീസ് ഇതിഹാസം നൊവാക്ക് ജോക്കോവിച്ചിന് കനത്ത തിരിച്ചടിയാണ് ഫൈനലിൽ ലഭിച്ചത്. ഫൈനലിൽ ലോക ഒന്നാം നമ്പർ താരം കാർലോസ് അൽക്കരാസിനോട് ഞെട്ടിക്കുന്ന തോൽവി ഏറ്റുവാങ്ങിയ ജോക്കോവിച്ച് കണ്ണീരോടെയാണ് കോർട്ട് വിട്ടത്.മത്സരത്തിനിടെ പിഴവുവരുത്തിയതിനെത്തുടർന്ന് ജോക്കോവിച്ച് ദേഷ്യം കൊണ്ട് സ്വന്തം റാക്കറ്റ് നെറ്റ് പോസ്റ്റിൽ അടിച്ചുതകർത്തിരുന്നു. ഇതിനെത്തുടർന്ന് സെർബിയൻ താരത്തിന് വമ്പൻ പിഴ ചുമത്തിയിരിക്കുകയാണ് അധികൃതർ.8000 അമേരിക്കൻ ഡോളറാണ് (ഏകദേശം ആറരലക്ഷം രൂപ) പിഴയായി നൽകേണ്ടത്. ടെന്നീസ് ചരിത്രത്തിൽ ഒരു താരം പിഴയായി ഒടുക്കുന്ന ഏറ്റവും വലിയ തുകകളിലൊന്നാണിത്. ജോക്കോവിച്ച് ഇതിനുമുൻപും കോർട്ടിലെ ഇത്തരം പെരുമാറ്റത്തിനെത്തുടർന്ന് പിഴയടയ്ക്കേണ്ടി വന്നിട്ടുണ്ട്. അഞ്ചുസെറ്റ് നീണ്ട മത്സരത്തിനൊടുവിലാണ് ജോക്കോവിച്ച് പരാജയം സമ്മതിച്ചത്.

# കോമൺവെൽത്ത്ഗെയിംസിൽ പ്രതിസന്ധി; 2026ലെ മേളയ്ക്ക് ആതിഥേയത്വം വഹിക്കാനാകില്ലെന്ന്

സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി ഓസ്ട്രേലിയൻ സ്റ്റേറ്റ് വിക്ടോറിയ പിന്മാറിയതോടെ 2026ലെ കോമൺവെൽത്ത് ഗെയിംസ് പ്രതിസന്ധിയിലായി. പുതിയ വേദി കണ്ടുപിടിക്കാനായില്ലെങ്കിൽ രണ്ടാംലോകമഹായുദ്ധത്തിനുശേഷം ആദ്യമായി കോമൺവെൽത്ത് ഗെയിംസ് നടക്കാതെ വരും. കഴിഞ്ഞവർഷം ഏപ്രിലിലാണ് വിക്ടോറിയയെ ആതിഥേയ നഗരമായി പ്രഖ്യാപിച്ചത്. നാലുവർഷത്തിലൊരിക്കൽ നടക്കുന്ന മേളയുടെ അവസാന പതിപ്പ് കഴിഞ്ഞവർഷം ഇംഗ്ലണ്ടിലെ ബർമിങ്ഹാമിലായിരുന്നു. കോമൺവെൽത്തിൽ 54 രാജ്യങ്ങളാണ്. ഏറെയും ബ്രിട്ടീഷ് അധീനതയിലുണ്ടായിരുന്ന രാജ്യങ്ങൾ. 1930ലായിരുന്നു ആദ്യമേള. ഓസ്ട്രേലിയ അഞ്ചുതവണ ആതിഥേയരായി. 2018ൽ ഗോൾഡ് കോസ്റ്റിൽ ആയിരുന്നു അവസാനത്തേത്.മേള നടത്തിയാൽ വലിയ സാമ്പത്തികപ്രതിസന്ധി ഉണ്ടാകുമെന്നതിനാൽ പിന്മാറുന്നുവെന്ന് വിക്ടോറിയൻ തലവൻ ഡാനിയേൽ ആൻഡ്രൂസ് കോമൺവെൽത്ത് ഗെയിംസ് ഫെഡറേഷനെ അറിയിക്കുകയായിരുന്നു. ഏകദേശം 16,000 കോടി രൂപയാണ് സംഘാടകർ മേളയ്ക്ക് ചെലവ് പ്രതീക്ഷിച്ചത്. എന്നാൽ, ഇതിന്റെ രണ്ടിരട്ടിയിൽ കൂടുതൽ തുകയെങ്കിലും വേണ്ടിവരുമെന്നാണ് ഇപ്പോഴത്തെ വിലയിരുത്തൽ. ഇത്രയും തുക മുടക്കാനാകില്ലെന്നായിരുന്നു ഡാനിയേൽ ആൻഡ്രൂസിന്റെ പ്രതികരണം.'മേള നടത്തിയാൽ വിക്ടോറിയക്കുണ്ടാകുന്ന സാമ്പത്തിക ഗുണങ്ങളാണ് ആതിഥേയരാകാൻ പ്രേരിപ്പിച്ചത്. എന്നാൽ, നിലവിലെ അവസ്ഥയിൽ ചെലവല്ലാതെ നേട്ടമൊന്നുമില്ല. ഇത്രയും ഭീമമായ തുക മുടക്കാനുമില്ല'- ആൻഡ്രൂസ് വ്യക്തമാക്കി.പന്ത്രണ്ട് ദിവസമാണ് മേള. 20 കായിക വിഭാഗങ്ങൾ, 26 ഇനങ്ങളും. സ്റ്റേറ്റിലെ അഞ്ച് നഗരങ്ങളെയാണ് തെരഞ്ഞെടുത്തത്. ഗീലോങ്, ബല്ലാറത്, ബെൻഡ്രിഗോ, ഗിപ്സ്ലാൻഡ്, ഷെപാർടോൺ എന്നിവ. ഇവയ്ക്കെല്ലാം പ്രത്യേകം ഗെയിംസ് ഗ്രാമങ്ങളും വേണം. വേദികളുടെ എണ്ണം കുറയ്ക്കാനും വിക്ടോറിയൻ തലസ്ഥാനമായ മെൽബണിലേക്ക് മാറ്റാനും ശ്രമം നടത്തിയിരുന്നു. എന്നാൽ, അതൊന്നും ഫലംകണ്ടില്ല. ഫെഡറേഷനുമായുള്ള കരാർ റദ്ദാക്കിയതോടെ വിക്ടോറിയ വൻതുക നഷ്ടപരിഹാരം നൽകേണ്ടിവരും. എന്നാൽ, ഇതിനെക്കുറിച്ച് ആൻഡ്രൂസ് പ്രതികരിച്ചില്ല.തീർത്തും നിരാശപ്പെടുത്തുന്ന തീരുമാനമെന്നായിരുന്നു ഫെഡറേഷന്റെ പ്രതികരണം. ഒന്നിച്ചൊരു പരിഹാരം കണ്ടെത്താൻപോലും വിക്ടോറിയൻ അധികൃതർ ശ്രമിച്ചില്ലെന്നും ഫെഡറേഷൻ കുറ്റപ്പെടുത്തി. സമീപകാലത്തായി മേളയോടുള്ള താൽപ്പര്യം രാജ്യങ്ങൾക്കെല്ലാം കുറഞ്ഞുവരികയാണ്. പൊലിമ നഷ്ടമാകുകയും ചെയ്തു. 2019ലായിരുന്നു 2026ലെ വേദി പ്രഖ്യാപിക്കേണ്ടിയിരുന്നത്. എന്നാൽ, പട്ടികയിലുണ്ടായിരുന്ന രാജ്യങ്ങളിൽ പലതും പിന്മാറിയതോടെ പ്രഖ്യാപനം നീണ്ടു. സാമ്പത്തികമായിരുന്നു കാരണം. ഒടുവിൽ വിക്ടോറിയ രംഗത്തെത്തുകയായിരുന്നു. ഇനി പുതിയൊരു വേദി കണ്ടെത്തുകയെന്നത് ഫെഡറേഷന് ശ്രമകരമായ ജോലിയായിരിക്കും.

RNI No. 35157/10, Printer, Publisher and Cheif Editor P.T. Nizar, , Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.